Reg: No K. 31

തൊഴിലാളി

Founder: Father Vadakkan

Honorary Chief Editor T. O. Mathew M. A. : : Managing Editor B. Wellington B. A.

പുസ്തകം 12 | ലക്കം 104 | 1965 ഏപ്രിൽ 20 ചൊവ്വ | തൃശ്ശൂർ | വില 7 പൈസ | പേജ് 4

1286 ഇന്ത്യക്കാർകൂടി ബർമ്മവിട്ടു

[പി. ടി. ഐ] റംഗൂൺ, ഏ. 19

1286 ഇന്ത്യൻ വംശജർ ഇന്നലെ മദിരാശിയിലേക്ക് പുറപ്പെട്ടിരിക്കുന്നു.എസ്. എസ്. സെരു് എന്ന കപ്പലിലാണു് അവർ സഞ്ചരിക്കുന്നതു്.

'തൊഴിലാളി' വരിസംഖ്യ നിരക്കു്

വാർഷികം അർദ്ധവാർഷികം

	പേസ്റ്റ്പേഡി	പോസ്റ്റ്പേഡി
ഒരു കൊല്ലത്തേയ്ക്കു്	27_00	6_00
6 മാസത്തേയ്ക്കു്	13_50	3_00
1 മാസത്തേയ്ക്കു്	2_25	1_50
ഏജൻറുമാർവഴി ഒരു മാസത്തേയ്ക്കു്		
വാരാന്ത്യപ്രതിപ്പു് അടക്കം		2_10
ഒറ്റപ്രതി	0_07	0_10

മാനേജർ.

ചൈനീസ് എമ്പസി അടക്കണം

ഇടതുപക്ഷ കമ്യൂണിസ്റ്റുകളെ പിന്താങ്ങുന്ന എമ്പസിയുടെ പ്രസ്താവനയെത്തുടർന്നു് ലോകസഭയിൽ മെമ്പർമാരുടെ ആവശ്യം

അവരെ എങ്ങനെ നേരിടണമെന്നതിനെപ്പറ്റി ഗവർമ്മെണ്ടു് പരിഗണിച്ചുകൊണ്ടിരിക്കുകയാണെന്നു് ശാസ്ത്രി

(പി ടി ഐ) ന്യൂഡൽഹി, ഏപ്രിൽ 19

ന്യൂഡൽഹിയിലെ ചൈനീസ് എമ്പസിനടത്തിക്കൊണ്ടിരിക്കുന്ന ആക്ഷേപകരങ്ങളായ പ്രവർത്തനങ്ങളെ നേരിടേണ്ടവിധം ഗവണ്മെണ്ടിൻെറ പരിഗണനയിലുണ്ടെന്നു് പ്രധാനമന്ത്രി ശാസ്ത്രി ഇന്നു് ലോകസഭയിൽ പ്രസ്താവിച്ചു.



ഇടതുപക്ഷകമ്യൂണിസ്റ്റുകാരുടെ നേരെ അഭ്യന്തരമന്ത്രി നന്ദ കൊണ്ടുവന്നിട്ടുള്ള ആരോപണങ്ങൾ കെട്ടുകഥയും അപവാദപ്രചരണവുമാണെന്നു് കാണിക്കുന്ന ഒരു പ്രസ്താവന ചൈനീസ് എമ്പസിയുടെ നിലയ്ക്കു് ചൈനീസ് എമ്പസിയുടെ നേരെ ശക്തിയായ നടപടി എടുക്കുകയും, ചൈനയുമായുള്ള നയതന്ത്രബന്ധങ്ങൾ വീണ്ടെടുക്കുകയും വേണ്ടതല്ലെയെന്നും ബഹു ചോദിച്ചു. അത്തരം കടന്ന നടപടികൾ എടുക്കേണ്ട ആവശ്യമില്ലെന്നു് വിദേശകാര്യമന്ത്രി സ്വരൺസിങ്ങു് പറഞ്ഞു.

ചൈനീസ് എമ്പസി അംഗങ്ങളുടെ സഞ്ചാരസ്വാതന്ത്ര്യത്തിന്മേൽ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ളതിനെപ്പറ്റി വളരെ അംഗങ്ങൾ ചോദ്യോത്തരസമയത്തു് ആക്ഷേപപ്രകടിപ്പിക്കുകയുണ്ടായി. ഹോങ്കോങ്ങിലെ അടക്കം പല അംഗങ്ങളും ചൈനീസ് എമ്പസി അടക്കണമെന്നു് ആവശ്യപ്പെടുകയുണ്ടായി.

പ്രതിഷേധിച്ചു

ചൈനീസ് എമ്പസി ശാരീരമായ പ്രവർത്തനങ്ങളിലല്ല ഏർപ്പെട്ടിരിക്കുന്നതെന്നു് പ്രധാനമന്ത്രി പറഞ്ഞു. ഈ കാര്യം ഗവണ്മെണ്ടിൻെറ പരിഗണനയിലുണ്ടു്. ഇപ്പോൾ അതിൽകൂടുതലായി താനൊന്നും പറയുന്നില്ലെന്നു് ശാസ്ത്രി വ്യക്തമാക്കി.

കഴിഞ്ഞ മാച്ചു് 22 നു് ചൈനീസ് എമ്പസി പുറപ്പെടുവിച്ച ഈ പ്രസ്താവനയെ സംബന്ധിച്ചു് എമ്പസിയിലെ കൗൺസിലർമാരിൽ ഒരാളെ വിദേശകാര്യാലയത്തിൽ വിളിച്ചുവരുത്തി വാമൊഴിയായി പ്രതിഷേധം രേഖപ്പെടുത്തിയെന്നു് നേരത്തെവിദേശകാര്യ സ്റ്റേറ്റു് മന്ത്രി ശ്രീമതി മേനോൻപ്രസ്താവിച്ച പ്രസ്താവനയിൽ ഉപയോഗിച്ചിട്ടുള്ള ഭാഷാരീതി ആക്ഷേപകരമാണെന്നും, അതു് നയതന്ത്രമര്യാദക്കു് യോജിച്ചതല്ലെന്നും ചൂണ്ടിക്കാണിച്ചു.

ഇതനുവദിക്കാമൊ?

ആഭ്യന്തരമന്ത്രി നന്ദയെ വെല്ലുവിളിച്ചിട്ടുള്ള ഈ ചൈനീസ് പ്രസ്താവന നയതന്ത്രത്തിൻെറ എല്ലാ മര്യാദകളുമാണങ്ങാക്കുകയും കടകവിരുദ്ധമല്ലെയെന്നും, ആ നിലക്കു് ചൈനീസ് എമ്പസിയുടെ നേരെ ശക്തിയായ നടപടി എടുക്കുകയും, ചൈനയുമായുള്ള നയതന്ത്രബന്ധങ്ങൾ വീണ്ടെടുക്കുകയും വേണ്ടതല്ലെയെന്നും ബഹു ചോദിച്ചു. അത്തരം കടന്ന നടപടികൾ എടുക്കേണ്ട ആവശ്യമില്ലെന്നു് വിദേശകാര്യമന്ത്രി സ്വരൺസിങ്ങു് പറഞ്ഞു.

ചൈനീസ് എമ്പസി അംഗങ്ങളുടെ സഞ്ചാരസ്വാതന്ത്ര്യത്തിന്മേൽ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ളതിനെപ്പറ്റി വളരെ അംഗങ്ങൾ ചോദ്യോത്തരസമയത്തു് ആക്ഷേപപ്രകടിപ്പിക്കുകയുണ്ടായി. ഹോങ്കോങ്ങിലെ അടക്കം പല അംഗങ്ങളും ചൈനീസ് എമ്പസി അടക്കണമെന്നു് ആവശ്യപ്പെടുകയുണ്ടായി.

പ്രതിഷേധിച്ചു

ചൈനീസ് എമ്പസി ശാരീരമായ പ്രവർത്തനങ്ങളിലല്ല ഏർപ്പെട്ടിരിക്കുന്നതെന്നു് പ്രധാനമന്ത്രി പറഞ്ഞു. ഈ കാര്യം ഗവണ്മെണ്ടിൻെറ പരിഗണനയിലുണ്ടു്. ഇപ്പോൾ അതിൽകൂടുതലായി താനൊന്നും പറയുന്നില്ലെന്നു് ശാസ്ത്രി വ്യക്തമാക്കി.

കഴിഞ്ഞ മാച്ചു് 22 നു് ചൈനീസ് എമ്പസി പുറപ്പെടുവിച്ച ഈ പ്രസ്താവനയെ സംബന്ധിച്ചു് എമ്പസിയിലെ കൗൺസിലർമാരിൽ ഒരാളെ വിദേശകാര്യാലയത്തിൽ വിളിച്ചുവരുത്തി വാമൊഴിയായി പ്രതിഷേധം രേഖപ്പെടുത്തിയെന്നു് നേരത്തെവിദേശകാര്യ സ്റ്റേറ്റു് മന്ത്രി ശ്രീമതി മേനോൻപ്രസ്താവിച്ച പ്രസ്താവനയിൽ ഉപയോഗിച്ചിട്ടുള്ള ഭാഷാരീതി ആക്ഷേപകരമാണെന്നും, അതു് നയതന്ത്രമര്യാദക്കു് യോജിച്ചതല്ലെന്നും ചൂണ്ടിക്കാണിച്ചു.

ഇതനുവദിക്കാമൊ?

ആഭ്യന്തരമന്ത്രി നന്ദയെ വെല്ലുവിളിച്ചിട്ടുള്ള ഈ ചൈനീസ് പ്രസ്താവന നയതന്ത്രത്തിൻെറ എല്ലാ മര്യാദകളുമാണങ്ങാക്കുകയും കടകവിരുദ്ധമല്ലെയെന്നും, ആ നിലക്കു് ചൈനീസ് എമ്പസിയുടെ നേരെ ശക്തിയായ നടപടി എടുക്കുകയും, ചൈനയുമായുള്ള നയതന്ത്രബന്ധങ്ങൾ വീണ്ടെടുക്കുകയും വേണ്ടതല്ലെയെന്നും ബഹു ചോദിച്ചു. അത്തരം കടന്ന നടപടികൾ എടുക്കേണ്ട ആവശ്യമില്ലെന്നു് വിദേശകാര്യമന്ത്രി സ്വരൺസിങ്ങു് പറഞ്ഞു

തൊഴിലാളി

പോസ്റ്റ്ബോക്സ് 90
ടെലഫോൺ 125
പത്രാധിപരുടെ വസതി 455

1965 ഏപ്രിൽ 20-ാംതീയതി പൊതുവായന

നാഗാവിപ്ലവകാരികൾ

....o....

അങ്ങിനെയിരിക്കുമ്പോൾ നമുക്ക് പത്രത്തിലൂടെ ഒരു വാർത്ത കിട്ടി—നാഗാ വിപ്ലവനേതാക്കളുമായുള്ള സംഭാഷണം പുനരാരംഭിച്ചിരിക്കുന്നു, ആറുമണിക്കൂർ നേരത്തെ സംഭാഷണത്തിനുശേഷം തല്ക്കാലത്തേക്ക് നിർത്തിവെച്ചിരിക്കുന്നതെന്നും വെടിനിർത്തൽ കരാറ് ഒരു മാസത്തേക്കുകൂടി നീട്ടിയിട്ടുണ്ടെന്നും മറ്റും. റവ. മൈക്കൾ സ്കോട്ട്, ജയപ്രകാശ് നാരായൺ എന്നീ നല്ല തലക്കെട്ടുള്ള അനൗദ്യോഗിക അംഗങ്ങളും ആവശ്യത്തിനുള്ള ഔദ്യോഗിക പ്രതിനിധികളും ഉൾപ്പെടെ കാര്യവിവരമുണ്ടെന്നും നമുക്ക് പൊതുവെ ബോദ്ധ്യമുള്ള പലതുംകൂടിയാണ് ഈ സംഭാഷണങ്ങളും നടത്തുന്നത്. മാസത്തിലൊരിക്കൽ ഇരുകക്ഷിക്കാരുടെയും പ്രതിനിധികൾ സമ്മേളിച്ച് സംഭാഷണം നടത്തുന്ന എന്നല്ലാതെ ആരും ഏട്ടും മണിക്കൂർ നേരം അവർ എന്തൊക്കെയാണ് സംസാരിച്ചതെന്നോ നമുക്ക് വളരെയൊന്നും എത്തുംപിടിയും കിട്ടാറില്ല.

നാഗാലാൻഡ് ഇന്ത്യയുടെ ഒരു ഭാഗമാണ്. പക്ഷേ അവിടെ കുറെ വിപ്ലവകാരികളുണ്ട്. അവരുടെ ശക്തി ഏറിയതും ഭൂഗർഭത്തിലും ഒളിവിലുമാണ്. ഇന്ത്യൻ യൂണിയനുമായി കച്ചവടസംഘട്ടങ്ങളും വലിയ നാശങ്ങളും വരുത്തുന്നുണ്ട് ഈ വിപ്ലവസംഘത്തിന്റെ പ്രവർത്തനഫലമായിട്ട്. അതുകൊണ്ട് അവരെ മെരുക്കിക്കൊണ്ടുവരുന്നതിലുള്ള യത്നത്തിലാണ് ഇന്ത്യാഗവർമ്മെണ്ടിന്റെ അറിവോടും സമ്മതത്തോടുംകൂടി പ്രതിനിധികൾ സമ്മേളിക്കുന്നതും സംസാരിക്കുന്നതും. വിപ്ലവനേതാക്കളെ സംഭാഷണങ്ങൾക്ക് ക്ഷണിക്കുന്നതുവഴി അവരുടെ പ്രാധാന്യം അംഗീകരിക്കുന്നത് ഇന്ത്യയെപ്പോലുള്ള ഒരു വലിയ ഗവർമ്മെണ്ടിന് എത്രമാത്രം ആക്ഷേപകരമാണെന്ന് ഞങ്ങൾ മുൻ അവസരത്തിൽ പറഞ്ഞിട്ടുണ്ട്. അതു പോകട്ടെ. അഗാധമായ രാജ്യതന്ത്രജ്ഞതയുടേയും ഉദ്ഗ്രഥനത്തിന്റെയും പശ്ചാത്തലത്തിൽ, അതായത് സാധാരണക്കാരന് എളുപ്പത്തിലൊന്നും മനസ്സിലാക്കാൻ സാധിക്കാത്ത എന്തോ ഒരു കുന്തത്തിന്റെ വെളിച്ചത്തിൽ ഈ സംഭാഷണം വേണമെന്ന് വലിയവന്മാർ നിശ്ചയിച്ച എന്നിരിക്കട്ടെ അപ്പോൾ സംഭാഷണം ആവശ്യമാണെന്നുള്ള വസ്തുത നിസ്തർക്കം സ്ഥാപിക്കപ്പെട്ട എന്നിരിക്കട്ടെ.

എന്നാൽ ഇതേവരെയുള്ള ആ സംഭാഷണങ്ങളുടെ പുരോഗതിയെന്താണ്. കുന്നിക്കുപോലും നേട്ടം ഇതേവരെ ഇന്ത്യക്കുണ്ടായിട്ടില്ല എന്നു മാത്രമല്ല, വഞ്ചി തിരുനക്കരെനിന്ന് പിന്നോക്കം പോയിട്ടുള്ളതായിട്ടാണ് അടുത്ത ദിവസത്തെ വാർത്തകൊണ്ട് കാണുന്നത്. നാഗാവിപ്ലവകാരികൾക്ക് ആയുധസഹായം നൽകിയ നമ്മുടെ മുഖ്യശത്രുവിനോട് ശക്തിയായി പ്രതിഷേധിക്കുന്നതിനേക്കാൾ അത്യാവശ്യമായിട്ടുള്ളത് സ്ഥായം സ്വീകരിച്ച നമ്മുടെ "മിത്ര"ങ്ങളെന്നറിയപ്പെടുന്ന നാഗന്മാരോട് പ്രതിഷേധിക്കുകയല്ലേ? അതെന്തുകൊണ്ടോ സംഭവിച്ചിട്ടില്ല; സംഭാഷണച്ചങ്ങല ഇനിയും അനന്തം തുടരാനുള്ള സാദ്ധ്യതകൾ കാണുന്നുമുണ്ട്. എങ്ങിനെയുണ്ട് വർത്തമാനം പറയുന്നതിനുള്ള നമുടെ കഴിവ്?

....o....

റേഡിയോ

ഏപ്രിൽ 20-ാംതീയതി-ചൊവ്വ

തിരുവനന്തപുരം, കോഴിക്കോട്, തൃശ്ശൂർ,

454.5, 441.2, 517.2 മീറ്റർ.

കാലത്ത്.

6-30 മംഗളവാദ്യം, സുപ്രഭാതം
6-35 പരിപാടികളെപ്പറ്റിയുള്ള അറിയിപ്പുകൾ
6-40 വാർത്തകൾ ഇംഗ്ലീഷിൽ
6-45 ഭക്തിഗീതം
7-15 ഇന്നത്തെ ചിന്താവിഷയം
7-20 ഭക്തിഗീതം
7-30 വാർത്തകൾ മലയാളത്തിൽ
7-45 ഗാനമാലിക
8-00 വാർത്തകൾ ഇംഗ്ലീഷിൽ
8-15 വന്ദേമാതരം
8-45 സമാപനം

ഉച്ചതിരിഞ്ഞ്

12-30 പ്രാദേശികവാർത്തകൾ
12-35 വയലിൻ
1-05 വൃന്ദവാദ്യം
1-20 വാർത്തകൾ മലയാളത്തിൽ
1-30 ലളിതഗാനങ്ങൾ
1-40 വാർത്തകൾ ഹിന്ദിയിൽ
1-50 സുഖമസംഗീതം
2-00 കാലാവസ്ഥ

രാത്രി

5-30 തൊഴിലാളിമണ്ഡലം
6-00 പ്രാദേശിക അറിയിപ്പുകൾ
6-05 പ്രാദേശികവാർത്തകൾ
6-15 നാട്ടിൻപുറം
7-00 വൈദ്യശാസ്ത്രപുരോഗതി [മലയാളപ്രഭാഷണം]
7-10 ചലച്ചിത്രഗാനങ്ങൾ
7-30 വാർത്തകൾ മലയാളത്തിൽ
7-45 ഗാനപൂർണ്ണിമ
7-50 വാർത്തകൾ
8-30 ഗാനസുധ
8-45 സംഗീതം
8-50 ഇന്നത്തെ പാർലിമെൻറ്
9-00 വാർത്തകൾ ഇംഗ്ലീഷിൽ
9-15 ശാസ്ത്രയുഗം (പ്രഭാഷണം ഇംഗ്ലീഷിൽ]
9-30 ദേശീയ നാടകപരിപാടി
10-30 വാർത്തകൾ ഇംഗ്ലീഷിൽ
10-35 സമാപനം

....

ഈ. എസ്. ഐ. പദ്ധതി വ്യാപിപ്പിച്ചു

ന്യൂഡൽഹി, ഏ. 18

1964 ഡിസംബറിൽ അവസാനിച്ച മൂന്നുമാസത്തിനിടയ്ക്ക് ഗുജറാത്ത് സംസ്ഥാനത്തെ അഹമ്മദാബാദിലും മദിരാശി സംസ്ഥാനത്തെ വേട്ടപ്പട്ടി, കാറഞ്ചേരി മണ്ഡപം, തിരുനഗർ എന്നിവിടങ്ങളിലും എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷുറൻസ് പദ്ധതി നടപ്പാക്കുകയുണ്ടായി. പദ്ധതിയുടെ ആനുകൂല്യങ്ങൾ ലഭിക്കുന്ന തൊഴിലാളികളുടെ സംഖ്യ ഈ കാലത്ത് 29.32 ലക്ഷത്തോളമായി വർദ്ധിച്ചു.

ബീഹാറിലെ ഭലിഹോട്ടാഖാർക്കബാദ് ഗ്രാമത്തിലും കേരളത്തിലെ പാലക്കാട്, പുനലൂർ എന്നിവിടങ്ങളിലും ഇൻഷുർ ചെയ്തവരുടെ കുടുംബങ്ങൾക്കുകൂടി വൈദ്യസഹായം ലഭ്യമാക്കി. മൊത്തം 100 ലക്ഷത്തോളമാളുകൾക്ക് ഇപ്പോൾ പദ്ധതിയനുസരിച്ചുള്ള വൈദ്യസഹായം ലഭിക്കുന്നുണ്ട്.

ഈ. എസ്. ഐ. പദ്ധതിയനുസരിച്ച് റിപ്പോർട്ടുകാലത്ത് തൊഴിലാളികൾക്കും ആശ്രിതർക്കുമായി മൊത്തം 1.51 കോടി ക. നൽകുകയുണ്ടായി. ഇൻഷുർ ചെയ്തവർക്ക് ദീർഘകാല ചികിത്സയ്ക്ക് നൽകിയതാണ് ഇതിൽ 1.09 കോടി ക.

ഇൻഷുർ ചെയ്ത സ്ത്രീകൾക്ക് പ്രസവാനുകൂല്യമായി 6.06 ലക്ഷം നൽകപ്പെട്ടു. ജോലിചെയ്യാനുള്ള ശേഷി താല്ക്കാലികമായും സ്ഥിരമായും നഷ്ടപ്പെട്ടവർക്ക് യഥാക്രമം 13.52 ലക്ഷം ക. യും 11 81 ലക്ഷം ക. യും ധനസഹായമായി കൊടുത്തു.

തൊഴിൽസംബന്ധമായ അപകടങ്ങളിൽപ്പെട്ട് മരണമടഞ്ഞവരുടെ ആശ്രിതർക്ക് 2.05 ലക്ഷം ക. നൽകുകയുണ്ടായി.

റിപ്പോർട്ടുകാലത്ത് പദ്ധതിയനുസരിച്ചുള്ള 509 ഡിസ്പെൻസറികളിലും ക്ലിനിക്കുകളിലുമായി 3223 ഡോക്ടർമാർ സേവനമനുഷ്ഠിച്ചിരുന്നു. ആതുരപുരികളിൽ താമസിച്ച് ചികിത്സിക്കേണ്ടവർക്കായി 4951 കിടക്കകൾ റിസർവ്വ് ചെയ്തിട്ടുണ്ട്. ഇതിൽ 3193 എണ്ണം പൊതു ആവശ്യങ്ങൾക്കും പ്രസവത്തിനും ഉപയോഗിച്ചുവരുന്നു. 1758 കിടക്കകൾ ക്ഷയരോഗികൾക്ക് നീക്കിവെച്ചിരിക്കുകയാണ്.

....o....

യാഥാസ്ഥിതികരുടെകേ:കോൺഗ്രസ്സ്

സംഘടന പിരിച്ചുവിട്ട് സ്വതന്ത്രപാർട്ടിയിൽ ചേരുകയാണവർക്ക് കരണീയം

—:കൈനിക്കര പത്മനാഭപ്പിള്ള:—

"ഇന്ത്യൻ നാഷനൽ കോൺഗ്രസ്സിന്റെ സോഷ്യലിസം രാജ്യത്തെ അധ:പതിപ്പിക്കുകയേയുള്ളൂ." കേരള കോൺഗ്രസ്സിന്റെ തത്ത്വപ്രബുദ്ധത്തിൽ കെ. എം. ജോർജ്ജ് പ്രകടിപ്പിച്ച ഈ അഭിപ്രായം പത്രത്തിൽ വായിച്ചപ്പോൾ ഓമ്മയിൽ വന്നതു് ക്രിസ്തുവിന്റെ വാക്കാണ്—'നീ അതു പറഞ്ഞു'—കെ. എം. ജോർജ്ജ് അതു പറഞ്ഞു! അദ്ദേഹത്തോടും അദ്ദേഹത്തിന്റെ അനുയായികളോടും നിർദ്ദേശിക്കാനുള്ളതും ക്രിസ്തുവിന്റെ വാക്കുകളിൽ പറയാം 'നീ ചെയ്യുന്നതു് വേഗം ചെയ്യു'.'

ഇതു വളരെ നേരത്തെ ചെയ്യേണ്ടതായിരുന്നു. കേരള കോൺഗ്രസ്സ് അവരോടുതന്നെ കാണിച്ച ഏറ്റവും വലിയ തെറ്റ് ആരംഭത്തിൽതന്നെ ഈ സത്യം തുറന്നു് ധൈര്യസമേതം പറയാതിരുന്നതാണ്. ഒരു രാഷ്ട്രീയ പാർട്ടി ആ പേരിനു് അർഹമാകണതു് അതിനു് മറ്റേ കക്ഷികളോടുള്ള നിലപാടിൽനിന്നു് വ്യതിരിക്തമായി അതിന്റേതായ ഒരു ലക്ഷ്യവും പരിപാടിയും ഉള്ളപ്പോഴും മാത്രമാണ്. അപ്പോൾ മാത്രമാണ് അതിന്റേതായ ഒരു വ്യക്തിത്വം സിദ്ധിക്കുന്നതും, അവ്യക്തതയുടേയും അനിശ്ചിതത്വത്തിന്റേയും ആവരണത്തിൽ നിന്നു് അതു് വ്യക്തമായ രൂപഭാവങ്ങളോടുകൂടി പുറത്തുവരുന്നതും. കേരള കോൺഗ്രസ്സിനു് അങ്ങനെ ഒരു പ്രഖ്യാപിത ലക്ഷ്യമോ പരിപാടിയോ ഉണ്ടായിരുന്നില്ല. അവർ ഇന്നോളം പണിപ്പെട്ടതു മുഴുവൻ അങ്ങനെയൊന്നില്ലെന്നു് ലോകത്തെ വിശ്വസിപ്പിക്കാനായിരുന്നു. 'ഞങ്ങളുടെ ലക്ഷ്യം കോൺഗ്രസ്സിനെ ശുദ്ധീകരിക്കലാണ്. ഞങ്ങൾ കോൺഗ്രസ്സിൽനിന്നു ഭിന്നരല്ല. ഞങ്ങളാണ് സാക്ഷാൽ കോൺഗ്രസ്സുകാർ" എന്നായിരുന്നു അവർ മുങ്ങാതെ പറഞ്ഞിരുന്നതു്. തുടയ്ക്കു റെബൽ കോൺഗ്രസ്സുകാർ എന്ന പേരിൽ അറിയപ്പെട്ട. സമ്മതിദായകരുടെ സമക്ഷം പ്രത്യക്ഷപ്പെടുവാൻ കുറെക്കൂടെ മാന്യവും പരിഷ്കൃതവുമായ ഒരു പേരു് കൂടിയേ കഴിയൂ എന്നു വന്നപ്പോൾ കേരള കോൺഗ്രസ്സെന്നു് സ്വയം നാമകരണം ചെയ്തു. അവർക്ക് കോൺഗ്രസ്സിന്റെ പേരിനോടോ പുറത്തു കടക്കാനുള്ള തന്റേടമില്ലായിരുന്നു. കഴിയുന്നതു വേഗത്തിൽ കമ്പനി പിരിച്ചുവിടുകയോ വീണ്ടും കോൺഗ്രസ്സിൽ വിലയം പ്രാപിക്കണമെന്ന മാതൃകയിലുള്ള അപ്പീലും അവരുടെ പ്രാർത്ഥന. കോൺഗ്രസ്സ് പ്രസിഡൻറിന്റെ ആദ്യത്തെ കേരള പര്യടനകാലത്തു് "അച്ചടക്കനടപടി പിൻവലിക്കുന്നില്ലെങ്കിൽ വരുന്ന തിരഞ്ഞെടുപ്പിൽ കോൺഗ്രസ്സിനോടു് സഹകരിക്കുകയില്ല" എന്നു് അവരുടെ നേതാവു് എഴുന്നെള്ളിച്ച വിട്ടുവീഴ്ചകാഹളം മുതൽ പ്രസിഡൻറ് ഭരണപ്രഖ്യാപനത്തിന്റെ തലേദിവസം ആവർത്തിച്ച "കന്നകിൽ നിങ്ങൾ ഭരിക്കണം ഞങ്ങൾ പിൻതാങ്ങാം, അല്ലെങ്കിൽ ഞങ്ങൾ ഭരിക്കാം നിങ്ങൾ പിൻതാങ്ങണം" എന്ന അവസാന ബഹുഭൂരിപക്ഷാഭിപ്രായം വരെയുള്ള എല്ലാ വാക്കിലും തെളിഞ്ഞുനിന്നതു് ഈ ഒരു ലക്ഷ്യം മാത്രമായിരുന്നു. ഇതു് ഒരു സത്യം.

അതേ സമയം അതുയുംതന്നെ പ്രത്യക്ഷമായ മാറാരാത്ത സത്യമുണ്ടായിരുന്നു—അവർ കോൺഗ്രസ്സുകാരായിരുന്നില്ല. അതായതു് വിശ്വാസപ്രമാണങ്ങളിലോ, ലക്ഷ്യത്തിലോ, പരിപാടിയിലോ കോൺഗ്രസ്സിനോടു് താത്ത്വികമായ പ്രാപിച്ചുവരോ പ്രാപിക്കാൻ കഴിയുന്നവരോ ആയിരുന്നില്ല. ഏതു് കാലത്തും സോഷ്യലിസം എന്നു് കേട്ടാൽ ഭ്രാന്തിളകുന്ന കഴുതരപ്പൻ മുതലാളിമാരുടെയും കണ്ണിൽ പോരായ്മയില്ലാത്ത ഇസ്ലാമിമാരുടേയും മാതൃകാ പ്രതിപുരുഷന്മാരായിരുന്നവരാണ് അവർ. അതു് ഒരു പരസ്യമായ സത്യവുമായിരുന്നു. പക്ഷെ അവർ അതു് ഒരിക്കലും സമ്മതിച്ചിരുന്നില്ല. ഒരു ഹിറ്റ്ലറുടെ ധൈര്യത്തോടുകൂടി ആവർത്തിച്ച് നിഷേധിക്കയും ചെയ്തിരുന്നു.

ഇങ്ങനെ പരസ്യമായ രണ്ടു് അസത്യങ്ങൾ കൂട്ടിച്ചേർത്തു് ഒരു മഹാസത്യമാക്കാനുള്ള വിഫലശ്രമത്തിലാണ് ഇതുകാലമായും പാരാക്കിയതു്. അസാധ്യമായതിനു പുറകെയുള്ള ബുദ്ധിശൂന്യമായ അന്ധാവനത്തിന്റെ അവസാനമാണ് കെ. എം. ജോർജ്ജിന്റെ പ്രസ്താവന സൂചിപ്പിക്കുന്നതു്. അതിൽ അദ്ദേഹത്തെ അനുമോദിക്കുന്നു. "നീ ചെയ്യുന്നതു് വേഗംചെയ്യു" എന്നു് ഉപദേശിക്കുകയും ചെയ്യുന്നു.

സ്വാതന്ത്ര്യസമരകാലത്തു് കോൺഗ്രസ്സ് ഭാരതജനതയെ മുഴുവൻ ഉൾക്കൊള്ളുന്ന ഒരു ബഹുജനസംഘടനയായിരുന്നു, ഒരു രാഷ്ട്രീയപാർട്ടിയായിരുന്നില്ല. ജനാധിപത്യഭാരതത്തിന്റെ ഭാവിചിത്രം വിഭാവനചെയ്യാനും അതിന്റെ അടിസ്ഥാനരേഖകളും അടയാളപ്പെടുത്താനും കോൺഗ്രസ്സ് അന്നുതൽതന്നെ രൂപീകരിച്ചിരുന്നതു് വിസ്മരിക്കേണ്ടതുമല്ല. എന്നാൽ അന്നു് കൺമുൻപിൽ കാതിജവലിച്ചുനിന്ന മാർഗ്ഗദീപം വിദേശഭരണത്തിൽനിന്നുള്ള വിമോചനമായിരുന്നു. അതിൽ യോജിക്കാൻ കഴിയുന്ന ഏതൊരാൾക്കും അന്നു് കോൺഗ്രസ്സിൽ സ്ഥാനമുണ്ടായിരുന്നു. സ്വാതന്ത്ര്യപ്രാപ്തിയോടുകൂടി ആ കാലഘട്ടം അവസാനിച്ചു. കോൺഗ്രസ്സ് ഒരു രാഷ്ട്രീയ കക്ഷിയായിമാറി. സാമ്പത്തികവും സാമൂഹ്യവുമായ വിശ്വാസപ്രമാണങ്ങളിൽ, ലക്ഷ്യത്തിൽ, പരിപാടിയിൽ, അവയെ ആധാരമാക്കി രൂപവൽക്കരിക്കേണ്ട ആഭ്യന്തരനയത്തിൽ, അന്താരാഷ്ട്രനയതന്ത്രബന്ധങ്ങളിൽ, ഓരോന്നിലും ഒരു രാഷ്ട്രീയകക്ഷിക്ക് ഉണ്ടായിരിക്കേണ്ട നിഷ്കൃഷ്ടരൂപഭാവങ്ങൾ നിസ്സംശയിക്കയും പരസ്യമായി പ്രഖ്യാപിക്കുകയും ചെയ്യേണ്ടിവന്നു. ഭാരതത്തിലെ ഏക രാഷ്ട്രീയ ധ്രുവീകരണമെന്ന അവസ്ഥ അതോടെ അവസാനിച്ചു. ഓരോരോ അംശത്തിൽ കോൺഗ്രസ്സിന്റെ ലക്ഷ്യപരിപാടികളോടു് വിയോജിച്ചുവർ കോൺഗ്രസ്സിൽനിന്നു് പിരിഞ്ഞു പ്രത്യേകം സംഘടിക്കാൻ തുടങ്ങി. അങ്ങനെ ഒരേ ലക്ഷ്യത്താൽ ബന്ധിക്കപ്പെട്ടു് ഒരേ കൊടിക്കീഴിൽ അണിനിരന്നു് സമരം ചെയ്തിരുന്ന ജനസഞ്ചയം ഭിന്നലക്ഷ്യങ്ങളോടും പരിപാടികളോടുംകൂടി പരസ്പരശക്തിപരീക്ഷണം നടത്തുന്ന നിരവധി രാഷ്ട്രീയകക്ഷികളായിപരിണമിച്ചു. അതിൽ തെറ്റില്ല. ആശ്ചര്യമില്ല. എവിടെയും രാഷ്ട്രീയകക്ഷി ബന്ധങ്ങളിൽ സ്വാഭാവികവും അപരിഹാര്യവുമായി സംഭവിച്ചുകൊണ്ടിരിക്കുന്ന പരിവർത്തനപ്രക്രിയയാണ് അതു്.

സാമൂഹികപ്രശ്നങ്ങളിൽ സമഗ്രവും വ്യക്തവും ധീരവുമായ ഒരു സമീപനത്തെയാണ് യാഥാസ്ഥിതികകക്ഷി പ്രതിനിധാനം ചെയ്യുന്നതു്. അതുകൊണ്ടു് പാർലമെൻറിറി ജനാധിപത്യം നിലവിലിരിക്കുന്ന ഏതു് രാജ്യത്തും അങ്ങനെ ഒരു പാർട്ടിക്കു് സ്ഥാനമുണ്ടു്. അതിനു് സന്ദർഭമുണ്ടാക്കാൻ കഴിയുന്ന ജനസ്വാധീനവും രാഷ്ട്രീയശക്തിയും പല ദേശത്തു് പലതായിരിക്കും. ഇന്ത്യയിലെ രാഷ്ട്രീയമത്സരക്കളിയിൽ അവയ്ക്ക് എതുമുന്നേറാൻ കഴിയുമെന്നു് പ്രവചിക്കുക പ്രയാസമാണു്. എന്നാൽ യാഥാസ്ഥിതികകക്ഷിക്കു് ഇന്ത്യയിലും ഒരു ശരിയായ സ്ഥാനമുണ്ടെന്ന തെളിഞ്ഞുകഴിഞ്ഞ. കുറെ നാളത്തേയ്ക്കുകൂടെ ഉണ്ടായിരിക്കയും ചെയ്യും.

താൻ ഒരു യാഥാസ്ഥിതികനാണെന്നും തന്റെ കക്ഷി യാഥാസ്ഥിതിക കക്ഷിയാണെന്നും തുറന്നുപറഞ്ഞതാണ് രാജഗോപാലാചാരിയുടെ വിജയം. അദ്ദേഹത്തെക്കാൾ വമ്പനായ യാഥാസ്ഥിതികന്മാരായ കേരള കോൺഗ്രസ്സ് നേതാക്കന്മാർക്ക് ആ സത്യം തുറന്നുപറയാൻ തന്റേടമില്ലാതെ പോയതാണ് അവരുടെ പരാജയം.

ഇന്നു് ആ ഭീരുത്വത്തിൽനിന്നു് പുറത്തുവന്നു. "ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിന്റെ സോഷ്യലിസം രാജ്യത്തെ അധ:പതിപ്പിക്കുകയേയുള്ളൂ" എന്നു് തുറന്നു പറഞ്ഞു. അതുകൊണ്ടു് കെ. എം. ജോർജ്ജിനോടും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട എല്ലാ യാഥാസ്ഥിതികരോടുമായിട്ട് പറയുകയാണ്—നിങ്ങൾക്കു് സത്യത്തിൽ കോൺഗ്രസ്സിൽ സ്ഥാനമില്ല. നിങ്ങൾ ഒരിക്കലും കോൺഗ്രസ്സുകാരായിരുന്നുമില്ല. ഇപ്പോഴെങ്കിലും അതു് മനസ്സിലാക്കുകയും തുറന്നു പറയുകയും ചെയ്ത സ്ഥിതിക്ക് ഇനി അറച്ചുനില്ക്കരുതു്. കേരള കോൺഗ്രസ്സ് സംഘടനയും പിരിച്ചുവിടണം, നേരെ സ്വതന്ത്രാപാർട്ടിയിൽ ചേരണം. ഇനി ആവശ്യമില്ലാതെ അമാന്തിച്ചു വീണ്ടും ടൈർബ്രേക്കുത്തിനു് ഇടകൊടുക്കരുതു് 'നീ ചെയ്യുന്നതു് വേഗം ചെയ്യു'.

....

മെലിഞ്ഞവർക്ക് ഒരു സന്തോഷവാർത്ത

നീണ്ടുമെലിഞ്ഞ ഒരാളാണോനിങ്ങൾ? എങ്കിൽ നിങ്ങൾ ഒന്നു സന്തോഷത്തോടെയിരുന്നാട്ടെ.

ഇതൊരു ഭീരോത്സാഹമല്ല. പ്രസിദ്ധനായ ഒരു ഹൃദ്രോഗചികിത്സാവിദഗ്ദ്ധൻതന്നെ അഭിപ്രായമാണു്.

നീണ്ടുമെലിഞ്ഞ ആളുകൾക്കു ഹൃദ്രോഗമുണ്ടാകാനുള്ള സാദ്ധ്യത വളരെ കുറവാണെന്നാണ് അദ്ദേഹം പറയുന്നതു്. ഒരു ഫോട്ടോം. ഉയരം കുറഞ്ഞവർക്ക് ഹൃദ്രോഗമുണ്ടാകാനുള്ള സാദ്ധ്യത കൂടുതലാണെന്നാണൊ ഇതിനർത്ഥം? അതെ എന്നാണ് ഡോ. മെനാർഡ് എം. ഗെർട്ലർ ഗെർട്ലർ മറപടി നൽകുന്നതു്.

ഡോ. ഗെർട്ലർ ന്യൂയോർക്കിലെ വേഴ്സിറ്റി മെഡിക്കൽ സെൻററിലെ പ്രൊഫസറും ഗവേഷണ വിഭാഗത്തിലെ തലവനുമാണ്. ഇന്ത്യയിലെ ഹൃദ്രോഗരോഗബാധയെക്കുറിച്ചു പഠിക്കാനും അടുത്തിടെ ഇന്ത്യയിൽ വന്നിരുന്നു. ഇന്ത്യൻ ഹൃദ്രോഗവിദഗ്ദ്ധന്മാരുടെ ഒരു കോൺഫറൻസിൽ പങ്കെടുക്കുകയും ചെയ്തു.

ഇന്ത്യയിൽ ഹൃദ്രോഗം വർദ്ധിച്ചുവരികയാണെന്നാണ് ഇവിടത്തെ ഡോക്ടർമാരുടെ അഭിപ്രായമെന്നു അദ്ദേഹം പറയുകയുണ്ടായി. കൊഴുപ്പുകൂടിയ സസ്യഭക്ഷണം കഴിക്കുന്ന പതിവു് ഇന്ത്യക്കാർ പൊതുവിൽ മാറാതിരുന്നിട്ടും ഇങ്ങനെയൊരു സ്ഥിതിയുണ്ടായിട്ടുള്ളതു് അത്ഭുതത്തിനു കാരണമായിട്ടുണ്ട്.

ഈ പശ്ചാത്തലത്തിലാണ്, ഭക്ഷണത്തെക്കുറിച്ചുള്ള കൂടുതൽ ചിന്തയുമാണ്. ഹൃദ്രോഗത്തിന്റെ കാരണം കണ്ടുപിടിക്കുന്ന കാര്യത്തിൽ പ്രധാനമെന്നു ഗെർട്ലർ പറയുന്നതു്. ഹൃദ്രോഗബാധയുണ്ടാകുന്നതു മുൻകൂട്ടി കണ്ടറിയാനും, അതു തടയാനും കഴിയുമെന്നു അദ്ദേഹം ഉറപ്പിച്ചു പറയുന്നു. ആക്കാണ് ഹൃദ്രോഗമുണ്ടാവുക, ആക്കാണ് ഹൃദ്രോഗമുണ്ടാകാതിരിക്കുകയെന്നു രക്തത്തിലെ കൊഴുപ്പും മൂത്രത്തിലെ ആസിഡും കട്ടംബത്തിന്റെ ചരിത്രവും പരിശോധിച്ചാൽ പറയാൻ കഴിയുമെന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം.

....

"ഇരുമ്പു നിർമ്മാതാക്കൾ"

ബോംബെ, ഏ 18

ഇരുമ്പും ഉരുക്കും നിർമ്മിക്കുന്ന കലയെക്കുറിച്ച് 'ഇരുമ്പുനിർമ്മാതാക്കൾ' എന്ന പേരിൽ ഒരു ഡോക്യുമെൻററി ചിത്രം ഫിലിംസ് ഡിവിഷൻ ഇയ്യാഴ്ച ഇന്ത്യയൊട്ടുക്ക് പ്രദർശനത്തിനു നൽകുന്നതാണ്.

പുരാതന ഭാരതത്തിൽ ഇരുമ്പും ഉരുക്കും ഉണ്ടാക്കുന്ന കലയിൽ നാടൻ പണിക്കാർ നേടിയിരുന്ന ഉന്നത നിലവാരം ഈ ചിത്രത്തിൽ വരച്ചുകാട്ടിയിരിക്കുന്നു. മദ്ധ്യഭാരതത്തിലെ അഗാരിയ വർഗ്ഗക്കാർ ഇന്നും ഈ പാരമ്പര്യം വെച്ചുപുലർത്തി മികച്ച ഉരുക്കുസാധനങ്ങൾ നിർമ്മിക്കുന്നതെങ്ങനെയെന്നു് ഇതിൽ കാണാം.

ആധുനികാവശ്യങ്ങൾക്കു് യോജിച്ച വിധം ഈ പുരാണികകല പുനരുജ്ജീവിപ്പിക്കുന്നതിനു് സേവാസംഘങ്ങളും നടത്തിവരുന്ന ശ്രമങ്ങളും ഡോക്യുമെൻററി വിവരിക്കുന്നു.

....o....

ഭക്ഷ്യധാന്യവിതരണം ലയിൽ പുരോഗതി

ഭക്ഷ്യവകുപ്പുകാരുടെനേട്ടപ്പട്ടിക ജനങ്ങളുടെമനസ്സിൽ

ന്യൂഡൽഹി, ഏ. 18

ഈ വർഷത്തെ മികച്ച വിളവു്, ഇറക്കുമതിവർദ്ധനവു്, ഭക്ഷ്യധാന്യങ്ങളുടെ വർദ്ധിച്ച ലഭ്യതയും വിതരണവും ഉറപ്പുചെയ്യുന്നതിനു് കൈക്കൊണ്ട ഭരണപരമായ നടപടികൾ എന്നിവയുടെ ഫലമായി ഭക്ഷ്യവിതരണ നില മെച്ചപ്പെട്ടതായും ഭക്ഷ്യധാന്യങ്ങളുടെ വില കുറഞ്ഞുവരുന്നതായും കേന്ദ്ര ഭക്ഷ്യ-കൃഷി മന്ത്രികാര്യാലയത്തിലെ ഭക്ഷ്യ വകുപ്പിന്റെ 1964-65-ലെ വാർഷിക റിപ്പോർട്ട് പ്രസ്താവിച്ചിരിക്കുന്നു.

ആന്ധ്രപ്രദേശ്, മൈസൂർ, കേരളം, മദ്ധ്യപ്രദേശ് ഒറീസ്സ, ആസ്സാം എന്നിവിടങ്ങളിൽ അരിയുടെ വിപണിവില പൊതുവെ കുറഞ്ഞ് ഗവർമെണ്ടു് നിശ്ചയിച്ച വില നിലവാരത്തോടടുത്തുഎത്തിയിട്ടുള്ളതായി റിപ്പോർട്ട് തുടർന്നുപറയുന്നു. 1965 ഏപ്രിൽ-മേയ് കാലത്തു് പുതിയ വിളവു് വിപണിയിൽഎത്തുന്നതോടെ ഗോതമ്പിന്റെ വിലയും കുറയുമെന്നു് പ്രതീക്ഷിക്കപ്പെടുന്നു.

ഭക്ഷ്യരംഗത്തു് 1963 മദ്ധ്യത്തിൽ അനുവർത്തിച്ചുതുടങ്ങിയ വൈക്യമുണ്ടാക്കൽ 1964-ലും ഏറെക്കുറെ തുടർന്നതായി റിപ്പോർട്ട് പ്രസ്താവിക്കുന്നു. 1961 മുതൽ ഭക്ഷ്യധാന്യങ്ങളുടെ ഉത്പാദനത്തിൽ അനുഭവപ്പെട്ട കുറവായിരുന്ന ഈ വൈക്യമുണ്ടാക്കലിന്റെ പ്രധാനകാരണം. 1963-64-ൽ അരിഉത്പാദനം 46 ലക്ഷം ടൺ കണ്ടു വർദ്ധിച്ചുവെങ്കിലും മറവു ഖരിഫ് വിളകളുടെ ഉത്പാദനം പൊതുവെ കുറയുകയാണുണ്ടായതു്. കൃഷിയിടങ്ങളിൽനിന്നു് വളരെക്കുറച്ചു് ഭക്ഷ്യധാന്യങ്ങളേ വിപണിയിൽ എത്തിയിരുന്നുള്ളുവെന്നതാണു് ഭക്ഷ്യനിലയെ പ്രതികൂലമായി ബാധിച്ച മറെറാരുഘടകം.

ഈയിടെ രൂപീകരിച്ച കാർഷികവിഭവവിലക്കമ്മീഷനും ഇന്ത്യൻ ഭക്ഷ്യകോർപ്പറേഷനും ഭക്ഷ്യധാന്യരംഗത്തു് പ്രത്യക്ഷഫലങ്ങൾ സൃഷ്ടിക്കുന്ന പ്രധാന ഘടകങ്ങളായി റിപ്പോർട്ട് ചിത്രീകരിക്കുന്നു. ഭക്ഷ്യധാന്യങ്ങൾ ഉൾപ്പെടെ എല്ലാ കാർഷിക വിഭവങ്ങളുടെയും ഉത്പാദനം വർദ്ധിപ്പിക്കേണ്ടതിനെറയും ഉപഭോക്താവിനു് ന്യായമായ വിലയുറപ്പുവരുത്തേണ്ടതിനെറയും ആവശ്യകത മുൻനിർത്തി കാർഷികവിഭവവിലനയവും വിലഘടനയും സംബന്ധിച്ചു് കമ്മീഷൻ ഗവർമെണ്ടിനു് ഉപദേശം നൽകുന്നതാണ്. ആഭ്യന്തരം ന്യായമായ വിലയ്ക്കു് ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുകയെന്ന ലക്ഷ്യത്തോടെ കോർപ്പറേഷൻ ഭക്ഷ്യധാന്യവിപണിയിൽ പ്ര

ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾക്കു ഒരു ഫെഡറേഷൻ

അതു പ്രശ്നങ്ങൾക്കു് ശാശ്വത പരിഹാരം നല്കുമെന്നു് പടാസ്സർ

— യു. പി. എസ്. പ്രത്യേക പ്രതിനിധി —

ന്യൂഡൽഹി, ഏപ്രിൽ 19

ഭാഷാപ്രശ്നവും അതുപോലെയുള്ള മറ്റനേകം പ്രശ്നങ്ങളും ഇല്ലായ്മ ചെയ്യാൻ തെക്കേ ഇന്ത്യൻ സംസ്ഥാനങ്ങൾ ചേർന്നുള്ള ഒരു ഫെഡറേഷൻ രൂപീകരിക്കുകയും അതു ഫെഡറേഷനു് സ്വന്തം പ്രശ്നങ്ങൾ തീരുമാനിക്കാനുള്ള അവകാശം വീട്ടുകൊടുക്കുകയും ചെയ്യുന്നതു് ഫലപ്രദമായിരിക്കുമെന്നു് എച്ചു്. വി. പടാസ്സർ പ്രസ്താവിച്ചിരിക്കുന്നു.

മദ്ധ്യപ്രദേശു് ഗവണ്ണർ സ്ഥാനമൊഴിഞ്ഞു് ആസ്സാം ഹിൽ ഏരിയാ കമ്മീഷന്റെ ചെയർമാൻ സ്ഥാനം ഏറെറടുത്തിരിക്കുന്ന പടാസ്സർ ഒരഭിമുഖസംഭാഷണത്തിലാണു് ഇങ്ങനെ അഭിപ്രായപ്പെട്ടതു്.

ഈ രാജ്യത്തെ മുസ്ലീങ്ങളുടെ പ്രശ്നം കൈകാര്യം ചെയ്യുന്നതിൽ സ്വാതന്ത്ര്യസ്ഥാനേകാലത്തു് പല പാകപ്പിഴകളും വന്നുചേർന്നതായി പടാസ്സർ ചൂണ്ടിക്കാണിച്ചു. തലയെഴുപ്പുള്ള പല മുസ്ലീങ്ങളേയും നാം എതിർചേരിയിലേക്കു വഴുതിവീഴാൻ അനുവദിച്ചതാണു് ഇന്നത്തെ പല കുഴപ്പങ്ങൾക്കും കാരണം. തെക്കേ ഇന്ത്യയുടെ കാര്യത്തിലും ഇതേ തെറ്റുതന്നെ നാം അവർത്തിക്കാനിടയാകുമെങ്കിൽ അതു് ആത്മഹത്യാപരമായിരിക്കും എന്നദ്ദേഹം പറഞ്ഞു. പ്രാദേശിക 'പ്രാതിനിധ്യത്തിന്റെ പേരിൽ ചില രണ്ടാംകിട നേതാക്കന്മാരെ പ്രീണിപ്പിക്കുകയും പ്രഗത്ഭമതികളായ ചിലരെ ഒഴിച്ചുനിറുത്തുകയും ചെയ്യുന്ന നയം ഉപേക്ഷിക്കേണ്ടിയിരിക്കുന്നു. സംസ്ഥാനത്തിനോടുമായ ഭാഷയുടേയും, മതത്തിനോടുമായ പരിഗണന കൂടാതെ കഴിവുള്ളവരെ കൂട്ടിച്ചേർത്തു് ഗവണ്മെണ്ടും പ്രസ്ഥാനങ്ങളും സംഘടിപ്പിക്കുകയുമാണു് മാർഗമെന്നു് അഭ്യന്തര പ്രശ്നങ്ങൾക്കുള്ള പരിഹാരം.

രാജ്യത്തെ ഒന്നിലധികം ഫെഡറേഷനുകളായി തീരിക്കുന്നതു് ദേശീയൈക്യത്തെ അവമാരാക്കുകയില്ലേയെന്ന ചോദ്യത്തിനു് പടാസ്സർ പറഞ്ഞതു്, റഷ്യയിലും അമേരിക്കയിലുമൊക്കെ ഇത്തരം ഫെഡറേഷനുകളാകെ വിജയകരമായി പ്രവർത്തിക്കുന്നുണ്ടെന്നാണു്. റഷ്യയിൽ ഓരോ ഫെഡറേഷനിലേയും പ്രാഥമികാവശ്യങ്ങൾ അവിടത്തെ ആളുകളുടെ ഭക്ഷണം, വസ്ത്രം തുടങ്ങിയ മൗലിക പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതു്. ദേശീയ പ്രശ്നങ്ങളിൽ എല്ലാ ഫെഡറേഷനുകളും സഹകരിച്ചു പ്രവർത്തിക്കുകയും ചെയ്യുന്നു. കേന്ദ്ര ഗവണ്മെണ്ടിന്റെ നീക്കങ്ങളിൽ തികച്ചും അസഹിഷ്ണുക്കളായ തെന്നിന്ത്യൻ സംസ്ഥാനങ്ങൾക്കു് എന്തുകൊണ്ടു് ഒരു ഫെഡറേഷനായി സ്വന്തം പ്രശ്നങ്ങൾ കൈകാര്യം ചെയ്തുകൂടാ എന്നദ്ദേഹം ചോദിച്ചു.

ഭാഷയുടേയും മറെറാരു പ്രശ്നമായ വർക്കകാം ഇനി നീട്ടിക്കൊണ്ടുപോകുക സാദ്ധ്യമല്ല. അതിർത്തിക്കപ്പുറത്തു് നിന്നുള്ള ചില ആക്രമണങ്ങൾ പാടേ കഴിയുന്ന ശരൂക്കാം ഇന്ത്യക്കുള്ളിൽ തന്നെ പതിയിരിക്കുന്നുണ്ടെന്നുള്ളതു് നാം വിസ്മരിച്ചുകൂടാ എന്നദ്ദേഹം കാർമ്മപ്പെടുത്തി.

ഏഷ്യയിലെ സാങ്കേതികപ്രശ്നങ്ങളും ഡൽഹിയിൽ സമ്മേളനം ചർച്ചചെയ്യുന്നു

ന്യൂഡൽഹി, ഏ 19

ഏഷ്യൻമേഖലയിലെ സാങ്കേതിക പരിശീലനപ്രശ്നങ്ങളും ചച്ചുചെയ്യാൻ ഇവിടെ ചേരുന്ന നാലുദിവസത്തെ സമ്മേളനം കേന്ദ്രആസൂത്രണമന്ത്രി ശ്രീ. ബി. ആർ. ഭഗത് ഇന്നിവിടെ ഉദ്ഘാടനം ചെയ്തിരിക്കുന്നു.

കൊളംബോ പ്ലാൻ ബ്യൂറോ സംഘടിപ്പിക്കുന്ന പ്രസ്തുത സമ്മേളനത്തിൽ ഇന്ത്യ, ബ്രട്ടൻ, സിലോൺ, ഇന്തോനേഷ്യ, നീപ്പാൾ, കൊറിയൻറിപ്പബ്ലിക്, മലേഷ്യ, മാലദ്വീപ്, പാക്കിസ്ഥാൻ, ഫിലിപ്പൈൻസ്, തായ്ലാണ്ട്, വിയറ്റ്നാം എന്നീ രാജ്യങ്ങളുടെ പ്രതിനിധികളും സംബന്ധിച്ചു. ഏഷ്യൻ ഉല്പാദനക്ഷമതാസംഘടന, എക്കാഫേ, ഐ. എൽ. ഓ., യുണെസ്കോ, ഐക്യരാഷ്ട്ര സാങ്കേതികസഹായബോർഡു് എന്നീ അന്താരാഷ്ട്രീയ സംഘടനകളുടെ പ്രതിനിധികളും ഇതിൽ പങ്കെടുക്കുന്നുണ്ടു്. കൊളംബോ പ്ലാൻ ബ്യൂറോയുടെ ഡയറക്ടർ മി. ജെ. എൽ. അല്പൻ സമ്മേളനത്തിൽ അദ്ധ്യക്ഷം വഹിച്ചു.

സ്വാതന്ത്ര്യം സഹാർദ്ദപരവുമായ ആശയവിനിമയത്തിനു് ഒരു വേദി സൃഷ്ടിക്കുക, സാങ്കേതിക വിദ്യാഭ്യാസവും പരിശീലനവും സംബന്ധിച്ച പ്രശ്നങ്ങൾ കണ്ടുപിടിക്കുക, പരിശീലന സ്ഥാപനങ്ങളും വ്യവസായസ്ഥാപനങ്ങളും സന്ദർശിക്കുന്നതിനു് അവസരമുണ്ടാക്കുക, അന്തർമേഖലാ പരിശീലനത്തിന്റെ പ്രാധാന്യം അംഗരാഷ്ട്രങ്ങളിലെ ഗവണ്മെണ്ടുകളേയും പൊതുജനങ്ങളേയും ശ്രദ്ധയിൽ പെടുത്തുക, ഇതരദേശീയ-അന്തർദേശീയ സംഘടനകളുടെ സഹകരണം ആരായുക എന്നിവയാണു് സമ്മേളനത്തിന്റെ ലക്ഷ്യങ്ങൾ.

അന്തർമേഖലാ പരിശീലനം വികസിപ്പിക്കുന്നതിനു് കൊളംബോപ്ലാൻ ബ്യൂറോ തയ്യാറാക്കിയിട്ടുള്ള പരിപാടിയുടെ ചില വശങ്ങളും; അന്തർമേഖലാ പരിശീലന വിപുലീകരണത്തെ ബാധിക്കുന്ന പ്രശ്നങ്ങളും; സാങ്കേതികവിദ്യാഭ്യാസത്തിലും പരിശീലനത്തിലും എക്കാഫേയുടെ പങ്കു്; വികസിച്ചുവരുന്ന രാജ്യങ്ങളിലെ പ്രയത്നശക്തി പരിപാടിയുടെ ഘടകങ്ങളും എന്നിങ്ങനെ നാലുപ്രബന്ധങ്ങളും സമ്മേളനത്തിലെ വിവിധ യോഗങ്ങളിലായി ചർച്ചചെയ്യും.

....

ഡൽഹിയിലെ വിഷു ആഘോഷം

ന്യൂഡൽഹി, ഏ. 19

വിഷുദിനം ഇവിടെ കേരള ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ വിപുലമായ കായികവിനോദങ്ങളോടെ ആഘോഷിച്ചിരിക്കുന്നു. കേന്ദ്രമന്ത്രി ശ്രീമതി ലക്ഷ്മിഎൻ മേനോൻ ആയിരുന്ന മുഖ്യ അതിഥി. ഇൻറർ നാഷണൽ കഥകളി കേന്ദ്രം, ശ്രീതോപദേശം, നൃത്തനാടകമായി അഭിനയിച്ചതു് സദസ്യരുടെ മക്കളുടെയായ പുശംസയ്ക്കു് പാത്രീഭവിച്ചു. മറെറ പല കലാപരിപാടികളും ഉണ്ടായിരുന്നു. ക്ലബ്ബ് അംഗങ്ങളും 'അക്ഷരശ്ലോകയിൽനിന്നു്' വളരെ ഭംഗിയായി അഭിനയിക്കുകയുണ്ടായി. ശ്രീമതി കോമാട്ടിൽ ശാന്താമേനവൻറെ സംഗീതക്കച്ചേരിയായിരുന്നു ആഘോഷങ്ങളിൽ മുഖ്യമായ മറെറാരു പരിപാടി.

....

തടങ്കൽത്തടവുകാരുടെ വിമോചന പ്രസ്ഥാനത്തെ മുസ്ലിംലീഗു് പിന്താങ്ങും

കോൺഗ്രസ്സുകാക്കിടയിലെ ഗ്രൂപ്പുമത്സരങ്ങളാണു് കുഴപ്പങ്ങൾക്കു് കാരണമെന്നു് ലീഗ് നേതാവു്

മദ്രാസു്, ഏപ്രിൽ 19

പ്രതിരോധത്തടങ്കൽ നിയമപ്രകാരം തുറുങ്കിലടച്ചിട്ടുള്ള ഇടതുപക്ഷ കമ്മ്യൂണിസ്റ്റുകാർപ്പെടെയുള്ള എല്ലാ തടവുകാരെയും മോചിപ്പിക്കണമെന്നുവേണ്ടി സംഘടിപ്പിക്കുന്ന ജനാധിപത്യ ഐക്യമുന്നണിക്കു് പിൻതുണനൽകാൻ തങ്ങൾ തയ്യാറാണെന്നു് മുസ്ലിം ലീഗിന്റെ ഒരു സമുന്നത നേതാവും രാജ്യസഭാംഗവുമായ ശ്രീ. എ. കെ. അബ്ദുൾ സമദ് പ്രസ്താവിച്ചിരിക്കുന്നു.

പ്രതിരോധനിയമത്തിന്റെ മറവിൽ ജനങ്ങളുടെ വ്യക്തിസ്വാതന്ത്ര്യത്തെ ഹനിക്കുന്ന ഗവണ്മെൻറു നയത്തെ യു. പി. എസ്സുമായുള്ള രഹസ്യമായ സംഭാഷണത്തിൽ അദ്ദേഹം ശക്തിയായി വിമർശിച്ചു. തെക്കേ ഇന്ത്യക്കാരെ ഒഴിച്ചുനിറുത്തിക്കൊണ്ടു് ഭരണപ്രശ്നം കൈകാര്യം ചെയ്യുന്ന കുടുംബിനാഥൻ സബ് കമ്മറി രൂപീകരിച്ചതു മാത്രം മതി, കേന്ദ്ര ഗവണ്മെൻറ് പൊതുജനാഭിപ്രായത്തെ എത്രമാത്രം അവഗണിക്കുന്നു എന്നു് തെളിയിക്കാനെന്നദ്ദേഹം ചൂണ്ടിക്കാണിച്ചു. ഈ കമ്മറിക്കു് തെന്നിന്ത്യരോടു് നീതി ചെയ്യാൻ കഴികയില്ല എന്നുള്ള ജനങ്ങളുടെ സംശയം തികച്ചും ന്യായയുക്തമാണെന്നദ്ദേഹം പറഞ്ഞു.

കോൺഗ്രസ്സുകാക്കിടയിൽത്തന്നെയുള്ള തൊഴു കാര്യത്തിലും അഭിപ്രായൈക്യമുണ്ടാകുന്നതു് മിക്ക കുഴപ്പങ്ങൾക്കും കാരണമെന്നു ശ്രീ സമദ് തുടർന്നു പറഞ്ഞു. ജഗജ്ജീവൻ ഗ്രൂപ്പു്, മൊറാർജി ഗ്രൂപ്പു്, വിജയലക്ഷ്മി ഗ്രൂപ്പു് ഇങ്ങനെ വിവിധ ഗ്രൂപ്പുകൾ ഇന്നു് കോൺഗ്രസ്സിൽ പ്രവർത്തിക്കുന്നുണ്ടു്. എല്ലാം ശരിയാക്കുന്നതിനും എന്നദ്ദേഹം പറഞ്ഞു.

ഷേഖ് അബ്ദുള്ളയുടെ പ്രശ്നത്തെക്കുറിച്ചദ്ദേഹം പറഞ്ഞതു് ഇൻഡ്യയുടെ വിദേശങ്ങളിലെ പ്രതിനിധികളുടെ ഉത്തരവാദിത്വമില്ലായ്മയാണു് പ്രശ്നങ്ങളെ ഇത്രയും വഷളാക്കിയതെന്നാണു്. നമ്മുടെ വിദേശ പ്രതിനിധികൾ വേണ്ടത്ര മുൻകരുതലുകൾ ചെയ്തിരുന്നെങ്കിൽ ഷേക്ക് അബ്ദുള്ളയും ചൗ എൻലായിയും തമ്മിലുള്ള കൂടിക്കാഴ്ച നടക്കുകയില്ലായിരുന്നു എന്നാണു് സമദിന്റെ അഭിപ്രായം.

ബനാറസ് ഹിന്ദു യൂണിവേർസിറ്റിയുടെ പേരിൽനിന്നും ഹിന്ദു എന്നപദം എടുത്തുകളഞ്ഞതിൽ അലിഗർ സർവ്വകലാശാലയുടെ പേരിൽനിന്നും മുസ്ലിം എന്ന പദം എടുത്തുകളയാമെന്നുള്ള ശ്രീ ഝാഗ്ലിയുടെ അഭിപ്രായത്തെ ശ്രീ സമദ് എതിർത്തു. മുസ്ലിം സമുദായം ഇതിനെ ശക്തിയുക്തം എതിർക്കുമെന്നദ്ദേഹം പറഞ്ഞു.

(യു. പി. എസ്.)

ഉമ്മർകോയ പബ്ലിക് സർവ്വീസ് കമ്മീഷനംഗം

തിരു: ഏപ്രിൽ 19

മൻമന്ത്രി പി. പി. ഉമ്മർകോയയെ സംസ്ഥാന പബ്ലിക് സർവ്വീസ് കമ്മീഷൻ മെമ്പറായി നിയമിച്ചുകൊണ്ടു് ഗവർണ്ണർ ഉത്തരവായിരിക്കുന്നു.

ശ്രീ. സി. കെ. ടി. കുഞ്ഞിപ്പോക്കർ റിട്ടയർചെയ്ത ഒഴിവിലാണു് ഈ നിയമനം.

ഈ ജൂലൈ മാസത്തിൽ 43 വയസ്സു് തികയുന്ന ശ്രീ. ഉമ്മർകോയ സംസ്ഥാന പബ്ലിക് സർവ്വീസ് കമ്മീഷനിൽ ഇപ്പോഴുള്ള അംഗങ്ങളിൽ ഏറെയും പ്രായംകുറഞ്ഞ മെമ്പറായിരിക്കും.

1960-ലെ ഇടക്കാലതിരഞ്ഞെടുപ്പിനുശേഷം രൂപംകൊണ്ട പട്ടം മന്ത്രിസഭയിൽ ആദ്യം വിദ്യാഭ്യാസമന്ത്രിയും പിന്നീടു് തദ്ദേശസ്വയംഭരണമന്ത്രിയുമായും ശങ്കർമന്ത്രിസഭയിൽ പൊതുമരാമത്തു മന്ത്രിയായും ശ്രീ. ഉമ്മർകോയ സേവനമനുഷ്ഠിച്ചിട്ടുണ്ടു്. 1957-ലും 1960-ലും നടന്ന തിരഞ്ഞെടുപ്പുകളിൽ അദ്ദേഹം കേരള നിയമസഭയിലേയ്ക്കു് തിരഞ്ഞെടുക്കപ്പെട്ടിരുന്നു. 1957 മുതൽ 1959-വരെ അദ്ദേഹം നിയമസഭയിലെ പ്രതിപക്ഷ ഡെപ്യൂട്ടി നേതാവായിരുന്നു. സംസ്ഥാന പുനഃസംഘടനയ്ക്കുമുമ്പു് മദ്രാസ് ലെജിസ്ലേറ്റീവ് കൗൺസിലിലും മദ്രാസ് സമ്പൂകലാശാലാസെനറിലും അദ്ദേഹം മെമ്പറായിരുന്നു.

ശ്രീ. ഉമ്മർകോയ ഒരു എം. എ. ബി. ടിയുമാണു്. എക്കണോമിക്സായിരുന്നു ഐച്ഛികവിഷയം. മദ്രാസ് ക്രിസ്ത്യൻ കോളേജിലാണദ്ദേഹം പഠിച്ചതു്. വിദ്യാഭ്യാസജീവിതം പൂർത്തിയാക്കിയശേഷം 1946-ൽ അദ്ദേഹം കൺഗ്രസ്സിൽ ചേർന്നു് രാഷ്ട്രീയപ്രവർത്തനമാരംഭിച്ചു. കോഴിക്കോടു് ഡി. സി. സി. പ്രസിഡൻറു്, കെ. പി. സി. സി. വൈസ് പ്രസിഡൻറു്, എ. ഐ. സി. സി. മെമ്പർ എന്നീ നിലകളിൽ അദ്ദേഹം കൺഗ്രസ്സിനെ സേവിച്ചിട്ടുണ്ടു്.

(സ. ലേ)

മുക്കാട്ടുകര ഫുട്ബാൾ ടൂർണ്ണമെൻറ്

ഫാ. ജയിംസ് എളങ്കുന്നപ്പുഴ ഉൽഘാടനം ചെയ്തു

[സ്വ. ലേ.] മണ്ണുത്തി ഏ 19

മുക്കാട്ടുകര സെൻറ് ജോർജസ് പള്ളിയുടെ 150-ാം വാർഷിക സ്മാരകമായി സംഭാവനചെയ്ത റോളിംഗ് ട്രോഫിക്കുവേണ്ടിയുള്ള ഫുട്ബാൾ മത്സരം മുക്കാട്ടുകര ബോയ്സ് സ്പോർട്സ് ക്ലബിന്റെ ആഭിമുഖ്യത്തിൽ മിഡിൽ സ്റ്റംപ് ഗ്രൗണ്ടിൽവെച്ചു് റവ. ഫാദർ ജെയിംസ് എളങ്കുന്നപ്പുഴ ഇന്നലെ ഉൽഘാടനം ചെയ്തിരിക്കുന്നു.

ഈ ടൂർണ്ണമെൻറിൽ സോക്കർ സവ്വീസ് ടീം നെല്ലിക്കുന്നു്, പി. ആർ. വി. ടീം തൃശൂർ, നാഗരാജ് മെമ്മോറിയൽ ക്ലബ്ബ് ചെങ്ങികുളങ്ങര, ബാല സംഘം ചിയ്യാരം, തിരുവമ്പാടി ആട്ട്സ് ക്ലബ്ബു് തൃശൂർ, ബ്രദേഴ്സ് ക്ലബ്ബ് കുന്നുംകുളങ്ങര, കെ. എഫ്. എ. കോട്ടപ്പുറം, യുവജനസംഘം കൃഷ്ണപുരം, സെൻറ് ജോസഫ് ക്ലബ്ബ് പുക്കനാട, സെൻറ് ആൻറണീസ് ക്ലബ്ബ് മുക്കാട്ടുകര, ടി. റ്റൈനിബോ ആട്ട്സ് ക്ലബ്ബ് കാളത്തോട്ടു്, ചെറിയാൻ മെമ്മോറിയൽ ക്ലബ്ബ് ഡെല്ലിക്കുന്നു്, ജവഹർ സോഷ്യൽ ആട്ട്സ് ക്ലബ്ബ് കരിയിച്ചിറ, ജോർജു് മെമ്മോറിയൽ ക്ലബ്ബ് തൃശൂർ, യുവജനകുചാലയം നൊല്ലുക്കര, സക്കർ ഗ്രാമീണവായനശാല നെട്ടിശ്ശേരി, യങ്മെൻസ് ക്ലബ്ബ് മണ്ണുത്തി, ബാലൻ മെമ്മോറിയൽ ടീം കീഴ്ക്കുപാട്ടുകര, വിംകോ സ്പോർട്സ് ക്ലബ്ബ് തൃശൂർ, ഈസ്റ്റൺ ബ്ലൂസ് തൃശൂർ എന്നീ ഇരുപത്തിനാലു് ടീമുകൾ പങ്കെടുക്കുന്നുണ്ടു്.

—

എൽ. ഐ. സി. ക്കു് 700 കോടി രൂപയുടെ ബിസിനസ്സ്

ബോംബെ ഏപ്രിൽ 19

1964-65 ലെ സാമ്പത്തിക വർഷം വസാനത്തിൽ ലൈഫ് ഇൻഷുറൻസ് കോർപ്പറേഷൻ ഓഫ് ഇന്ത്യ അതിന്റെ പുതിയ ബിസിനസ്സിനു് 1965 മാർച്ചു് 31-തിയതി പുസ്തകങ്ങൾ ക്ലോസ് ചെയ്തതിന്റെ ഫലമായി 15, 31, 546 പ്രപ്പോസലുകളിലായി 746.67 കോടി രൂപയുടെ ബിസിനസ്സ് ലഭിച്ചതിൽ 14,44,402 പ്രപ്പോസലുകളാണു് പോളിസികളായിത്തീർന്നു് 701 കോടി രൂപയുടെ പുതിയ ബിസിനസ്സ് മുമ്പിപ്പിച്ചതായി വെളിപ്പെടുത്തുന്നു. 1964 മാർച്ചു് 31 നു് അവസാനിച്ച സാമ്പത്തികവർഷത്തിൽ കോർപ്പറേഷനു് 17,51, 217 പ്രപ്പോസലുകളിന്മേലായി 757.80 കോടി രൂപയുടെ ബിസിനസ്സ് ലഭിച്ചിരുന്നു. 702.76 കോടി രൂപയ്ക്കു് അഷ്വർ ചെയ്തു. 16, 46, 291 പോളസികൾ നൽകുകയും ചെയ്തു.

ഈ സാമ്പത്തികവർഷത്തിൽ കോർപ്പറേഷൻ ആദ്യമായി ജനറൽ ഇൻഷുറൻസ് കൈകാര്യം ചെയ്യാൻ തുടങ്ങുകയും 43 ലക്ഷം രൂപ പ്രീമിയമായി ലഭിക്കുകയും ചെയ്തു. അതിൽ ഫയർ, മറീൻ, മിസലേനിയസ് എന്നിവയുടെ പങ്കു് യഥാക്രമം 37 ശതമാനം 20 ശതമാനം 43 ശതമാനം എന്ന തോതിലാണു്.

—

എയർഇന്ത്യാ വിമാനത്തിൽ ബോംബു് ഭീഷണി

(പി. ടി. ഐ.) ബോംബെ, ഏ. 19

ഒരു ബോംബു് ഭീഷണി മൂലം ബോംബെയിൽനിന്നു് ലണ്ടനിലേക്കു് പറക്കേണ്ട ഒരു എയർ ഇന്ത്യാ വിമാനം പറപ്പെടുന്നതിനു് മൂന്നര മണിക്കൂർ വൈകി.

ഇന്നലെ രാത്രി പത്തരക്കു് പുറപ്പെടേണ്ടതായിരുന്ന വിമാനം. വിമാനത്തിൽ ഒരു ബോംബു് വെക്കുന്നതിനുള്ള സാദ്ധ്യതയുണ്ടെന്നുള്ള ഒരു സന്ദേശം എയർ ഇന്ത്യക്കു് ഈ അവസരത്തിൽ ലണ്ടനിൽനിന്നു് കിട്ടിയതുകൊണ്ടു്. വിമാനത്തിൽ സഞ്ചരിക്കുവാൻ 40 യാത്രക്കാരുണ്ടായിരുന്നു.

സന്ദേശം കിട്ടിയതോടെ വിമാനത്തിൽ തിരച്ചിൽ നടത്തി. സാമാനങ്ങളും പരിശോധനക്കു് വിധേയമായി. പക്ഷെ ബോംബൊന്നും കണ്ടെത്തിയില്ല. എന്തായാലും എയർ ഇന്ത്യ ആ വിമാനത്തിനുപകരം മറെറാരു വിമാനമാണു് ലണ്ടനിലേക്കു് വിട്ടതു്.

....



കോൺവെൻറ് വിദ്യാഭ്യാസം കാഞ്ചനയെ ക്രിസ്തുവിനെറ ആരാധകയാക്കി

കൈരളി അന്താരാഷ്ട്രീയ ചലച്ചിത്രവേദിയിൽ

— സുനിൽ —

സിനിമയുടെ വിശാലമായ കടപ്പുറത്തു് കല്ലും കക്കയും പെറുക്കികളിക്കുന്ന ഒരു ശിശുവാണെങ്കിലും പ്രശസ്തിയിലേക്കയുകയാണു് തൻറെ ലക്ഷ്യമെന്നാണു് ഒരു തമിഴ്സിനിമാ നടിയായ കാഞ്ചന പറയുന്നതു്. സുപ്രസിദ്ധ തെന്നിന്ത്യൻ സംവിധായകനായ ശ്രീധരനാണു് അവരെ ചലച്ചിത്രവേദിയിലെ ഒരു പ്രമുഖതാരമാക്കി വളർത്തിയെടുത്ത തിന്നത്തരവാദി. പുതുമുഖങ്ങളെ രംഗത്തവതരിപ്പിക്കുന്നതിൽ എറെ തല്പരനായ ശ്രീധർ തൻറെ 'കാതലിക്ക നേരമില്ലൈ' എന്ന ചിത്രത്തിൽ കാഞ്ചനയെന്ന പുതുമുഖത്തെ പ്രധാന റോളിൽ തന്നെ അഭിനയിപ്പിച്ചു. അവരിപ്പോൾ പത്തിലേറെ തമിഴ്-തെലുങ്കു് പടങ്ങളിൽ കാൺട്രാക്ടു് ചെയ്തുകഴിഞ്ഞിരിക്കുകയാണു്.

കാഞ്ചനയുടെ പിതാവു് ഒരു നല്ല എഞ്ചിനീയറാണു്. ഒരു എയർ ഹോസ്റ്റസായി ജോലിനോക്കിക്കൊണ്ടിരിക്കെ പ്രശസ്തസിനിമാതാരങ്ങളുമായി ലഭിച്ച നിരന്തരസമ്പർക്കമാണു് ഒരു നടിയാകാനുള്ള കമ്പം തന്നിൽ വളർത്തിയതെന്നു് കാഞ്ചന പറയുന്നു. ഒരു ഹിന്ദുവായി ജനിച്ച കാഞ്ചന ക്രിസ്തുവിനെറ വലിയൊരാരാധികയാണു്. കോൺവെൻറ് സ്കൂളുകളിലെ വിദ്യാഭ്യാസമാണു് തന്നെയത്തരമൊരവസ്ഥയിലേക്കു് നയിച്ചതെന്നു് അവർ സമ്മതിക്കുന്നു.

തിരശ്ശീലക്കുപുറകിലെ മുഖവും വശ്യശക്തമായ ആകാരസുഷമയും അവരെ മത്സരമിട്ടുനടക്കുന്ന ഗ്രൂപ്പുകളിൽ ഒരു പ്രമുഖതാരമാക്കിയിരിക്കുകയാണു്. ടെന്നിസ്കളിയും നീന്തലും അവർക്കിഷ്ടപ്പെട്ട വിനോദമാണു്. നിറപ്പകിട്ടുള്ള വസ്ത്രങ്ങളോടു് കാഞ്ചനക്കു് കൊതിയാണത്രെ.

'കാതലിക്ക നേരമില്ല'യിലൂടെ തമിഴ് സെല്വലോയ്ഡ് ലോകത്തിൽ പ്രവേശിച്ച കാഞ്ചന മലയാളത്തിൽ ഔദ്യോഗിയായി കടന്നുവന്നിട്ടുണ്ടു്. പാശ്ചാത്തിലെ ജയശ്രീയെ പിടിച്ചു് ഭാര്യയിലെ ശ്രീമായിക്കി മലയാളീകരിച്ചു അതേ കമ്പാക്കോത്തന്നെ ഉദയായുടെ ഇണപ്രാവുകളിൽ രാഹേലായി താതലിക്ക നേരമില്ലയിലെ കാഞ്ചനയെ പുതുവേഷമണിയിച്ചു് രിക്കുകയാണു്. മലയാളത്തിൽ, അവർ കൊച്ചുകുട്ടി രൂപപ്പെടെ ചെയ്തിരിക്കുന്ന എന്നാണെനിക്കു തോന്നിയതു്.

ഏറ്റവും നല്ലതു്

'64ലെ ഏറ്റവും നല്ല മലയാള ചിത്രമായി ചിത്രസാഗറിന്റെ ആഭിമുഖ്യത്തിൽ തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന മദ്രാസ് ഫിലിം ഫാൻസ് അസോസിയേഷൻ നല്ല കഥാകൃത്തായി 'ഭരതനെ' തിരഞ്ഞെടുത്തിരിക്കുന്നു. അമേരിക്കൻ നടനായ ക്ലിൻറ് ഈസ്റ്റ്വുഡിനെറ 'കൊച്ചുമോൻ' എന്ന മലയാള ചിത്രത്തിനെറ നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്നു. പ്രേംനസീർ, ഷീല, അടൂർഭാസി, മുത്തയ്യ, അടൂർ പങ്കജം, നളിനി, കാമന എന്നിവരഭിനയിക്കുന്ന ഈ ചിത്രം കെ. പത്മനാഭൻനായരാണു് സംവിധാനം ചെയ്യുന്നതു്.

കൊച്ചുമോൻ

സെൻറ് ജോർജ്ജ് മൂവീസിൻറെ 'കൊച്ചുമോൻ' എന്ന മലയാള ചിത്രത്തിനെറ നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്നു. പ്രേംനസീർ, ഷീല, അടൂർഭാസി, മുത്തയ്യ, അടൂർ പങ്കജം, നളിനി, കാമന എന്നിവരഭിനയിക്കുന്ന ഈ ചിത്രം കെ. പത്മനാഭൻനായരാണു് സംവിധാനം ചെയ്യുന്നതു്.

സ്റ്റുഡിയോകളിൽ നിന്നു്

ശിവാജി ഗണേശൻ സ്വന്തമായിനിർമ്മിക്കുന്ന ഒരു ഇസ്റ്റ്മാൻ കളർ ചിത്രത്തിൽ ശിവാജി ഒരു ഫാസ്യനടനായി പ്രത്യക്ഷപ്പെടുന്നതാണു്. ഇതുവരെയുണ്ടായിരുന്നതിനെറ പുതിയ പരീക്ഷണമായിരിക്കും ശിവാജി അഭിനയിയ്ക്കുന്നതു്. ചിത്രത്തിൽ ശിവാജി ടെന്നീസും സംഘർഷിക്കുന്നതാണെന്നുമറിയുന്നു.

x x x

ടി. ആർ. രാമണ്ണ സംവിധാനം ചെയ്യുന്നതും, എം. ജി. ആർ. പ്രധാന ഭാഗമഭിനയിക്കുന്നതുമായ ആർ. ആർ. പിക്ചേഴ്സിൻറെ അടുത്ത കളർപടത്തിൽ ബി. സരോജാദേവി ഡബ്ബിം റോളിൽ പ്രത്യക്ഷപ്പെടുന്നതാണു്. നാഗേഷ്, മാധവി, രാംദാസ്, അശോകൻ, മനോഹർ എന്നിവർ ഇതിലഭിനയിക്കുന്നു.

x x x

ശ്രീധരിൻറെ പ്രശസ്ത ചിത്രമായ 'കാതലിക്ക നേരമില്ലൈ' ഹിന്ദിയിലേക്കു പകർത്തുന്നതിൻറെ പ്രാരംഭജോലികളും തുടങ്ങിക്കഴിഞ്ഞു. ഈ ചിത്രവും ശ്രീധർ തന്നെ സംവിധാനം ചെയ്യുന്നു. ഇതിനുമുമ്പു് ഇദ്ദേഹത്തിൻറെ കല്യാണപ്പരിശു്, നെഞ്ചിൽ ഒരു ആലയം എന്നീ രണ്ടു തമിഴ്ചിത്രങ്ങളും നസ്രാണി, തിൽ ഏക മന്ദിർ എന്നീ ഹിന്ദി ചിത്രങ്ങളിൽ പകർത്തിയിട്ടുണ്ടു്.

x x x

രാമു കാര്യാട്ട് സംവിധാനം ചെയ്യുന്ന തകഴിയുടെ 'ചെമ്മീൻ' ഔട്ടുഡോർഷൂട്ടിങ്ങു് നാട്ടിക മണൽപ്പുറത്തു് 2-ാം തവണയും നടക്കുകയുണ്ടായി. പ്രസ്തുത യൂണിറ്റ് വീണ്ടും മെയ്മാസത്തിൽ ഇവിടെ വരുന്നതാണെന്നറിയുന്നു.

x x x

ഇന്ത്യക്കാരനായ കാൾഹിട്ടിയും ഒരു മേരിക്കൻ കുട്ടിയുമായി "പരിചയപ്പെടുന്നതും അവരുടെ നിസ്വാർത്ഥസൌഹൃദം സുദീർഘകാലത്തു് പ്രേക്ഷകർക്കു് ആസ്വാദ്യകരമായ രീതിയിൽ ചിത്രീകരിക്കുന്നതുമാണു് ഇപ്പോൾ ഹോളിവുഡിൽ പ്രചാരത്തിലിരിക്കുന്ന ഒരു ചിത്രം. ഈ ചിത്രത്തിൻറെ ഇതിവൃത്തത്തിനു് ഏറെ സാമ്യമുള്ള ഒരു കഥയാണു് ഇപ്പോൾ തമിഴിൽ ചിത്രീകരിക്കുന്നതു്. ഇതിൽ ഒരു ഇന്ത്യൻ കുട്ടിയുടെ വേഷം ചെയ്യുന്നതു് ബേബി സുമതിയാണു്. ഒരു അമേരിക്കൻ കുട്ടിയുടെ വേഷം ചെയ്യുന്നതു് ഒരു ഇംഗ്ലീഷ് കുട്ടിയാണു്. ഈ ചിത്രത്തിൻറെ ഷൂട്ടിങ്ങു് ഏപ്രിൽ 15-നു് ആരംഭിക്കുന്നതോടെ അവസാനത്തോടെ വിപണന സംഘങ്ങളുടെ പരിധിയിൽ പ്രധാനപ്പെട്ട എല്ലാ രണ്ടാംകിട വിപണികളും വരുമെന്നു പ്രതീക്ഷിക്കുന്നു. ഈ സംഘങ്ങൾക്കു പൂമേ പരുത്തി, അടയ്ക്ക, പുകയില, നാളികേരം പച്ചക്കറികൾ തുടങ്ങി പ്രത്യേകതരം ഉല്പന്നങ്ങൾ കൈകാര്യം ചെയ്യുന്ന 500 സംഘങ്ങളും പ്രവർത്തിക്കുന്നുണ്ടു്. എല്ലാ സംസ്ഥാനങ്ങളിലും കേന്ദ്ര ഭരണപ്രദേശങ്ങളിലും അപ്പെക്സ് വിപണനസംഘങ്ങൾ ഏതാണ്ടു പൂർത്തിയിട്ടുണ്ടു്. ചില സംസ്ഥാനങ്ങളിൽ ജില്ലാ-മേഖലാ തലങ്ങളിലും

കൂട്ടനാടൻ കായൽ രാജാക്കന്മാരും നെല്ലൊട്ടപ്പും

ജോസഫ് പൂത്തറ(ജൂണിയർ)

ഭരണത്തെക്കുറിച്ച് ജനങ്ങൾക്കുള്ള ആക്ഷേപങ്ങൾ മനസ്സിലാക്കി നല്ലതു ചെയ്യുവാൻ ശ്രമം ആരംഭിച്ചിരിക്കുന്ന കേരള ഗവണ്മെന്റ് കഷ്ടങ്ങളെ പരാതികൾ എന്തെല്ലാമെന്നു മനസ്സിലാക്കാൻ കൂട്ടനാടു് സന്ദർശിക്കാൻ പോവുകയാണു്.

വർദ്ധമാനമായിരിക്കുന്ന ഭക്ഷ്യക്ഷാമത്തിന്റെ പരിഹാരം ഉണ്ടാക്കുന്നതിനും നെല്ലിനു് അമിതവില ഈടാക്കാതിരിക്കുവേണ്ടി ലെവി സമ്പ്രദായമനുസരിച്ചു് നെല്ലുസംഭരണം നടത്തുന്നതിനു് നടപടി സ്വീകരിക്കുകയും ഏതാണ്ടു് 18000 മെട്രിക് ടൺ നെല്ലു് കൂട്ടനാട്ടിലെ കഷ്കരിൽനിന്നു് ഈടാക്കാമെന്നു് കണക്കുകൂട്ടുകയും ചെയ്ത സക്കാർ ഇപ്പോൾ 8000 മെട്രിക് ടൺ നെല്ലുമാത്രം ലെവി അനുസരിച്ചു് എടുത്താൽ മതി എന്നു് തീരുമാനിച്ചിരിക്കുന്നു. ഈ ഘട്ടത്തിൽ ആ തീരുമാനത്തിലുണ്ടായിരിക്കുന്ന പാകപ്പിഴകളെപ്പറ്റിയോ അല്ലാം ചിന്തിക്കുന്നതു യഥാർത്ഥ ലക്ഷ്യത്തിലെത്തിച്ചേരുന്നതിനു് സഹായകമാണെന്നു കരുതുന്നു.

കേരളത്തിന്റെ നെല്ലുല്പായ കൂട്ടനാട്ടിൽ ഏതാണ്ടു് 400 ച. മ. വിസ്തീർണ്ണം വരുന്ന നിലങ്ങളിലാണു് നെൽ കൃഷി നടത്തിവരുന്നതു്. ഈ നിലങ്ങളിൽ സിംഹഭാഗവും ഒരുപിടി കഷ്ക മുതലാളിമാരുടെ വകയുമാണു്. മിക്കവാറും നിലങ്ങളും അവർതന്നെ നേരിട്ടു കൃഷി നടത്തുന്നവയാണു്. കൂട്ടനാട്ടിൽ വിളയുന്ന നെല്ലിന്റെ 90 ശതമാനവും അവരുടെ അറകളിലാണു് വന്നുവീഴുന്നതും. എന്നാൽ ഇവരിൽ മിക്കവർക്കും അഞ്ചോ പത്തോ ഏക്കറേ റിക്കാർഡുകാരും പ്രകാരം ഭൂമിയുണ്ടായിരിക്കുള്ള. ഭൂമിക്ക പരിധി വക്കുവാനുള്ള ശ്രമം ആരംഭിച്ചപ്പോഴേതന്നെ വസ്തുക്കാരും എല്ലാം സ്വന്തം കൂടാ ബാംഗങ്ങളുടേയും, വിശ്വാസമുള്ള വ്യക്തികളുടേയും വിശ്വസ്തരായ സ്വന്തം കൃഷിനടത്തിപ്പുകാരുടേയും പേരിൽ പ്പിച്ചുവച്ചിരിക്കുകയാണു്. ഉദാഹരണമായി 100 ഏക്കർ കൃഷിഭൂമിയുള്ള വൻകിട കഷ്കരിൽനിന്നുപോലും നെല്ലു് വളരെ ചെറിയ തോതിൽ മാത്രമേ ലഭിക്കുകയുള്ളു. ഇപ്പോഴത്തെ കൃഷിസമ്പ്രദായമനുസരിച്ച 100 ഏക്കർ കൃഷിയുള്ള ഒരാളിനു് ലഭിക്കുന്ന ശരാശരി നെല്ലു് 16000 സ്റ്റാൻഡേർഡ് പറ ആയിരിക്കും. ഇതു ഒരു കൂടുംബത്തിൽ ലഭിക്കുന്ന നെല്ലുണെങ്കിൽതന്നെയും രേഷകൊണ്ടു് പണ്ടുപേരുടെ പേരിലായിരിക്കും. അതായതു് കൂടുംബത്തിലെ ഒരാൾക്ക് 10 ഏക്കർ നിലം വീതമേ നിയമദൃഷ്ട്യാ കൃഷി കാണുകയുള്ള. 100 ഏക്കർ ഭൂമി കൃഷിയുള്ള ഒരു കൂടുംബത്തിൽനിന്നു് ലെവി അനുസരിച്ചു ലഭിക്കേണ്ട നെല്ലു് ഈ കുടുംബങ്ങളുടെ മൂലം സക്കാരിനു ലഭ്യമാവുകയില്ല. ഇങ്ങനെ വരുമ്പോൾ നല്ലൊരുഭാഗം നെല്ലു് ഭൂസ്വാമിമാർ കരിഞ്ചന്തയിൽ വിറ്റു് ലക്ഷക്കണക്കിനു് സമ്പാദിക്കുകയാണു് ചെയ്യുന്നതു്. ഇതിനെ തടയാനുള്ള വഴി സക്കാരിനു കണ്ടുപിടിച്ചില്ലെങ്കിൽ ലെവി സമ്പ്രദായംകൊണ്ടു് ഗുണത്തേക്കാൾ ഏറെ ദോഷമായിരിക്കും ഫലം.

കൂട്ടനാട്ടിൽ ഒരുപിടി മുതലാളിമാരുടെ കൈകളിൽ നെല്ലുണ്ടെങ്കിൽതന്നെയും സാധാരണക്കാർക്കും, കഷ്ക-തൊഴിലാളികൾക്കും യാതൊരു പ്രയോജനവുമില്ല. കഴിഞ്ഞ വർഷം ഇവിടത്തെ ഒരു സാധാരണക്കാരനു് ഒരു വർഷത്തേക്കാവശ്യമായ നെല്ലു് 600 രൂപക്കു് വാങ്ങാമായിരുന്നെങ്കിൽ ഇന്നു് കരിഞ്ചന്തയിൽ അതിനു് 1500രൂപാ കൊടുക്കേണ്ടതായിട്ടാണു് ഇരിക്കുന്നതു്. ഈ വിലക്കയറ്റം പോലും സ്ഥലത്തുള്ളവർക്കു് നെല്ലു് ലഭിക്കുകയില്ലെന്നുള്ളതാണു് ഒരു വസ്തുതയാണു്. ബഹു: നിയമിക്കുന്നതിനു് ലോൺ, പമ്പിംഗ്സബ്സിഡി, കറൻറ് ചാർജ്ജിന്റെ കുറവു് സഹകരണസംഘങ്ങളിൽ നിന്നുള്ള വായ്പാ സൌകര്യങ്ങൾ മുതലായവ ഗവണ്മെൻറിൽനിന്നു് കഷ്കനു് ലഭിക്കുന്ന ആനുകൂല്യങ്ങളാണു്. എന്നാൽ ഇതിന്റെയെല്ലാം ഭൂരിഭാഗവും പ്രയോജനം ലഭിക്കുന്നതു് വൻകിട കൃഷിക്കാക്കുമാത്രമാണു്. ചെറുകിടകഷ്കനു് ഇവയെല്ലാം വേണ്ടവിധത്തിൽ പ്രയോജനപ്പെടുത്തുന്നതിനു് പല പുതിബന്ധങ്ങളും തരണം ചെയ്യേണ്ടതായിട്ടാണു് ഇരിക്കുന്നതെന്നു് അനുഭവം പഠിപ്പിക്കുന്നു. ഉദാഹരണമായി ആലപ്പുഴ ജില്ലാ വികസനസമിതിയിലേക്കു് കർഷിക വിദഗ്ദർ ആയി തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നതു് ലക്ഷക്കണക്കിനേക്കർ നിലം കൃഷിയുള്ള വൻജന്മികളാണു്. അതുപോലെതന്നെ സഹകരണ പ്രസ്ഥാനങ്ങളുടെ നേതൃസ്ഥാനം വഹിച്ചുകൊണ്ടു് അവയുടെ പ്രയോജനം ഇല്ലാതാർത്തന്നെ സമൂഹത്തിന്റെ പേരും പറഞ്ഞു് ചൂഷണം ചെയ്യുകയാണു്. മുഴുവൻ കർഷകരുടേയും അഭിവൃദ്ധിക്കു വേണ്ടി പ്രവർത്തിക്കേണ്ടതായ കൂട്ടനാടു് കർകസംഘം, അപ്പർ കുട്ടനാടു് കർഷകസംഘം മുതലായ സംഘങ്ങളുടെ പ്രയോജനങ്ങളും ചൂഷക്കത്തിൽ ഇവർതന്നെയാണു് അനുഭവിക്കുന്നതു്. അതായതു് ഇവിടെ ചെറുകിട കർഷകക്കു് ഇവകൊണ്ടൊന്നും ഉദ്ദേശിക്കുന്ന പ്രയോജനം ലഭിക്കുന്നില്ല.

തന്മൂലം ഈ സാഹചര്യത്തിൽ കർഷകരുടെ കൃഷിഭൂമിയുടെ മൊത്തത്തിലുള്ള വിസ്തീർണ്ണം കണക്കിലെടുത്തു് അവരുടെ കൂടുംബച്ചെലവിനും കൃഷിയാവശ്യങ്ങൾക്കും വേണ്ട നെല്ലു് കഴിച്ചു് ബാക്കി വരുന്ന നെല്ലു് ഗവണ്മെന്റു് ഏറ്റെടുക്കേണ്ടതുണ്ടു് അത്യന്താപേക്ഷിതമാണു്.

....—

ഓർഡിനൻസ് ഫാക്ടറികളിൽ വാഹനനിർമ്മാണം

ന്യൂഡൽഹി, ഏ, 19

ഓർഡിനൻസ് ഫാക്ടറികളിൽ വാഹനങ്ങളും നിർമ്മിക്കുന്ന പരിപാടി അടിയന്തിരാവസ്ഥ തുടങ്ങിയ ഉടനെ ഉത്പാദിപ്പിച്ചുതുടങ്ങുമെന്നു് പ്രതിരോധ ഉല്പാദനകാര്യങ്ങൾക്കുള്ള കേന്ദ്രമന്ത്രി ശ്രീ ടി. ടി. കൃഷ്ണമാചാരി ഇന്നു് ലോകസഭയിൽ പ്രസ്താവിച്ചു.

ഇപ്പോൾ ഓർഡിനൻസ് ഫാക്ടറികളിൽ നിർമ്മിക്കുന്ന വാഹനങ്ങൾ ഒരു ടൺ ഭാരമുള്ള നിസ്സാൻ ട്രക്കുകളും പടോം ജീപ്പുകളും മൂന്നുടൺ ഭാരമുള്ള ശക്തിമാൻ ട്രക്കുകളും ഉൾപ്പെടുന്നു. ഇവയിൽ ആദ്യത്തേതിന്റെ നിർമ്മാണത്തിൽ ജപ്പാനുടെ രണ്ടാമത്തേതിന്റെ നിർമ്മാണത്തിൽ പശ്ചിമജർമ്മനിയും സഹകരിക്കുന്നുണ്ടു്.

നിസ്സാൻ ട്രക്കുകളുടെ ഉത്പാദനം 1963-64-ൽ 2933 ആയിരുന്നതു് 1964-65-ൽ 3800 ആയി വർദ്ധിച്ചു. 1965 ജനുവരി അവസാനംവരെ 9000 നിസ്സാൻ വാഹനങ്ങൾ കരസേനയ്ക്കും അതിർത്തിറോഡ് വികസന സംഘടനയ്ക്കും നൽകിയിട്ടുണ്ടു്.

ശക്തിമാൻ ട്രക്കുകളുടെ ഉത്പാദനം 1964-65-ൽ 1100-ൽപരമായിരുന്നു. തലവർഷം 1030 എണ്ണം നിർമ്മിക്കപ്പെട്ട.പടോം ജീപ്പുകളുടെ നിർമ്മാണമാരംഭിച്ചതു് 1962-63-ലാണു്. കഴിഞ്ഞ ജനുവരി അവസാനംവരെ ഇത്തരം ഏകദേശം 3100 ജീപ്പുകൾ നിർമ്മിച്ചിട്ടുണ്ടു്.

....

ചെറുകിടവ്യവസായി കൾക്കു് പരിശീലനം

എറണാകുളം, ഏ. 19

തിരുവല്ലയിൽ ഇന്ത്യാഗവണ്മെന്റിന്റെ വൈദ്യുതമോട്ടോർ ഉല്പാദനകേന്ദ്രത്തിൽ ചെറുകിട വ്യവസായികൾക്കും അവരുടെ ജോലിക്കാർക്കും വേണ്ടിയുള്ള പുതിയ സൗജന്യ പരിശീലനകോഴ്സുകൾ ജൂൺ 1-നു് ആരംഭിക്കുന്നതാണു്.

ഇലക്ട്രിക് ആർക് ഗ്യാസ് വെൽഡിങ്ങ്, ഡൈ കാസ്റ്റിങ്ങ് എന്നിവയുള്ള കോഴ്സുകൾ 3 മാസംവീതം നീണ്ടുനില്ക്കും. മെഷീൻഷോപ്പ് പ്രാക്ടീസ്, ടൂംസ്പ്രാക്ടീസ്, ഫിറ്റിംഗ്, ഇലക്ട്രിക്കൽ ഷോപ്പ് പ്രാക്ടീസ്, ബ്ലാക്ക്സ്മിത്തി ആൻഡ് ഫോർജിങ്ങ് ഷോപ്പ് പ്രാക്ടീസ് എന്നിവയിൽ പരിശീലനകാലം ആറുമാസം വീതമാണു്. തിരഞ്ഞെടുക്കപ്പെടുന്നവർക്കു് പ്രതിമാസം 40 രൂ. സ്റ്റൈപ്പൻഡും നൽകപ്പെടും.

പേരു്, മേൽവിലാസം, പ്രായം, യോഗ്യതകൾ, ജോലി പരിചയം, ഇപ്പോൾ ജോലിചെയ്യുന്ന ഫാക്ടറിയുടെ വിവരങ്ങൾ, പരിശീലനം കഴിക്കാനാഗ്രഹിക്കുന്ന തൊഴിൽ തുടങ്ങിയ വിവരങ്ങൾ അടങ്ങിയ അപേക്ഷകൾ മേയ് 5-നകം കേന്ദ്രത്തിന്റെ ഡൈപ്പുട്ടി ഡയറക്ടർക്കു കിട്ടേണ്ടതാണു്. ഇപ്പോൾ ജോലിചെയ്യുന്ന സ്ഥാപനംവഴിയല്ലാതെ അയക്കുന്ന അപേക്ഷകൾ പരിഗണിക്കുകയില്ല. പരിശീലനം കഴിഞ്ഞു് ജോലിക്കെടുത്തുകൊള്ളാമെന്നു് ഫാക്ടറിയുടമ പ്രസ്താവിക്കുന്ന സമ്മതപത്രം അപേക്ഷയോടൊപ്പം അയച്ചിരിക്കണം.

—

Printed and Published by Paul Vappila for the A. C. P. Institute at the Thozhilali Press Trichur

പുതിയ ജൂണി: കോളെജുകൾ വേണ്ടെന്നു വച്ചിട്ടില്ല

പാർലിമെൻറിൽ മന്ത്രിയുടെ മറുപടി

ന്യൂഡൽഹി, ഏ. 19

നടപ്പുവർഷം കേരളത്തിൽ പുതിയ ജൂനിയർ കോളേജുകളൊന്നും തുറക്കേണ്ടെന്നു് സംസ്ഥാന ഗവണ്മെണ്ടു് തീരുമാനിച്ചിട്ടുണ്ടോഎന്നു സർവ്വശ്രീ വാര്യർ, പൊറേക്കാട്ടു്, വാസുദേവൻനായർ എന്നീ അംഗങ്ങൾ ചോദിച്ചതിനു് ശ്രീ മാസ്തി നിഷേധാത്മകമായ മറുപടി നൽകി. 1965-66ൽ 17 ജൂനിയർ കോളേജുകൾ ആരംഭിക്കണമെന്നു നിർദ്ദേശിച്ച കേരള സർവ്വകലാശാലയെ യഥാർത്ഥ ആവശ്യങ്ങളും പരിഗണിച്ചു് പുതിയ കോളേജുകളുടെ എണ്ണം കഴിയുന്നത്ര ചുരുക്കണമെന്നു് ഉപദേശിക്കുക മാത്രമേ സംസ്ഥാനഗവണ്മെണ്ടു് ചെയ്തിട്ടുള്ളുവെന്നു് അദ്ദേഹം തുടർന്നു പറഞ്ഞു.

....—

കോതാട്ടു് ജീസ്സസ് തിയറേറഴ്സ്

കോതാട്ടു് ഏ. 19

ജീസ്സസ് തിയറേഴ്സിന്റെ വാർഷികാഘോഷം പ്രസിഡൻറു കെ. എക്സ്. ആൻറണിയുടെ അദ്ധ്യക്ഷതയിൽ നടന്നു. അഭിനയത്തിൽ തൽപരനായ ശ്രീ. എ. ടി. വർഗ്ഗീസ്, മുൻ കെ. പി. സി സി. മെമ്പർ ശ്രീ. വി. എൽ. ലോനപ്പൻ, അഡ്വക്കേറ്റ് പി. കെ. ഇട്ടപ്പു്, ശ്രീ. പോറ്റം ചാഴൂർ, വി. ജെ. തോമസ് [അരണാട്ടുകര] തുടങ്ങിയവർ ഈ രാജിവെച്ചവരിൽ ഉൾപ്പെടുന്നു.

....

കോൺഗ്രസ്സിൽനിന്നും കൂട്ടരാജി

എ. ടി. വർഗ്ഗീസും കൂട്ടുകാരും പുറത്തുപോകുന്നു

[സ്വ. ലേ] തൃശ്ശൂർ, ഏ. 19

നേഷണൽ കോൺഗ്രസ്സിന്റെ നയങ്ങളിൽ പ്രതിഷേധിച്ചുകൊണ്ടു് തൃശ്ശൂർ ജില്ലയിലെ പ്രമുഖരായ 34 കോൺഗ്രസ്സുകാർ സംഘടനയിൽനിന്നും രാജിവെച്ചുകൊണ്ടു് ഒരു പ്രസ്താവന പുറപ്പെടുവിച്ചിരിക്കുന്നു. തൃശ്ശൂർ ഡി. സി. സി. സിക്രട്ടറിയും കെ. പി. സി. സി. മെമ്പറുമായ ശ്രീ. എ. ടി. വർഗ്ഗീസ്, മുൻ കെ. പി. സി സി. മെമ്പർ ശ്രീ. വി. എൽ. ലോനപ്പൻ, അഡ്വക്കേറ്റ് പി. കെ. ഇട്ടപ്പു്, ശ്രീ. പോറ്റം ചാഴൂർ, വി. ജെ. തോമസ് [അരണാട്ടുകര] തുടങ്ങിയവർ ഈ രാജിവെച്ചവരിൽ ഉൾപ്പെടുന്നു.

....

പൊതുഭരണ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രബന്ധമത്സരം

ന്യൂഡെൽഹി, ഏ. 19

ഇന്ത്യൻ പൊതുഭരണ ഇൻസ്റ്റിറ്റ്യൂട്ട് ഇക്കൊല്ലം നടത്തുന്ന പ്രബന്ധമത്സരത്തിനു് ലഭിക്കുന്ന മികച്ച പ്രബന്ധങ്ങൾക്കു് മൊത്തം 3000.ക. വരെ സമ്മാനമായി നൽകുന്നതാണു്. 1000.ക. യും 500.ക. യും വീതമായിരിക്കും സമ്മാനങ്ങളുടെ തുക.

നികുതി വെട്ടിപ്പു് തടയുന്നതിനുള്ള ഭരണപരിഷ്കാരങ്ങൾ, സംസ്ഥാന ഗവണ്മെണ്ടുകളും മുനിസിപ്പൽ സമിതികളും തമ്മിലുള്ള ബന്ധം, ജില്ലാ തലത്തിൽ അഥവാ ബ്ലോക്കു് തലത്തിൽ വികസന പരിപാടികളുടെ ഏകോപനം എന്നീ വിഷയങ്ങളിൽ ഏതെങ്കിലും ഒന്നിനെക്കുറിച്ചു് ഇംഗ്ലീഷിൽ പ്രബന്ധം സമർപ്പിക്കാവുന്നതാണു്. ദൈർഘ്യം ഏതാണ്ടു് 10000 വാക്കു് ആയിരിക്കണം. തൂലികാനാമം വെച്ചു് കടലാസിന്റെ ഒരു പുറത്തുമാത്രം ടൈപ്പുചെയ്തു് പ്രബന്ധത്തിന്റെ മൂന്നു പ്രതികൾ സമർപ്പിക്കേണ്ടതാണു്. പ്രബന്ധരചയിതാവിന്റെ പേരും മേൽവിലാസവും പ്രത്യേകം എഴുതിയ കടലാസ്സു് പുറമേ തൂലികാനാമം എഴുതിയ കവറിൽ അടക്കം ചെയ്തു് സീൽ വെച്ചു് പ്രബന്ധത്തിനോടൊപ്പം അയക്കണം. ജസ്റ്റിമാരുടെ തീരുമാനം അറിഞ്ഞശേഷം ഇൻസ്റ്റിറ്റ്യൂട്ടിലെ ഒരു ഓണററി ആഫീസറുടെ സാന്നിദ്ധ്യത്തിൽ ഡയറക്ടർ ഈ കവറുകൾ തുറക്കുന്നതായിരിക്കും.

ഇൻസ്റ്റിറ്റ്യൂട്ടിന്റെ എക്സിക്യൂട്ടീവു് കൗൺസിൽ നിയമിക്കുന്ന ജഡ്ജിമാർ പ്രബന്ധത്തിന്റെ ഉള്ളടക്കവും പ്രസിദ്ധീകരണയോഗ്യതയും പരിഗണിക്കും. അവരുടെ വിധി അന്തിമമായിരിക്കും. പ്രബന്ധങ്ങളൊന്നും നിശ്ചിതനിലവാരം പുലർത്തുന്നില്ലെങ്കിൽ ആർക്കും അവാർഡ് നൽകേണ്ടെന്നു തീരുമാനിക്കാൻ ഇൻസ്റ്റിറ്റ്യൂട്ടിനു് അവകാശമുണ്ടായിരിക്കുന്നതാണു്. സമ്മാനാർഹമാകുന്ന പ്രബന്ധം ഇൻസ്റ്റിറ്റ്യൂട്ടിന്റെ വകയായിരിക്കും.

ഇൻസ്റ്റിറ്റ്യൂട്ട് മുമ്പു് നടത്തിയ പ്രബന്ധമത്സരങ്ങളിൽ 1000.ക. യുടെ സമ്മാനം ലഭിച്ചിട്ടില്ലാത്ത ഏതു് ഇന്ത്യക്കാരനും ഇതിൽ പങ്കെടുക്കാവുന്നതാണു്.

പൊതുഭരണത്തിന്റെ എല്ലാ വശങ്ങളും, ഇന്ത്യൻ ചുറപാടിൽ പ്രത്യേകിച്ചും പഠിക്കുന്നതിനു് ശ്രേയസ്കരമായ സംഭാവന നൽകുന്നതിനെ പ്രോത്സാഹിപ്പിക്കുകയാണു് മത്സരത്തിന്റെ ഉദ്ദേശ്യം.

പ്രബന്ധങ്ങൾ ആഗസ്റ്റു് 31-നകം കിട്ടത്തക്കവിധം ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് അഡ്മിനിസ്ട്രേഷന്റെ ഡയറക്ടർ (ഇരുപ്രസ്ഥ എസ്റ്റേറ്റ്, റിങ്ങ് റോഡ്-ഈസ്റ്റ്, ന്യൂഡൽഹി-1) അയക്കണം. കവറിന്റെ പുറത്തു് "പ്രബന്ധമത്സരം" എന്നു് കുറിക്കേണ്ടതാണു്.

സമ്മാനങ്ങൾ ഇൻസ്റ്റിറ്റ്യൂട്ടിന്റെ വാർഷികയോഗത്തിൽ വിതരണം ചെയ്യപ്പെടും.

....

വ്യവസായനടത്തിപ്പിൽ പരിശീലനം

ന്യൂഡൽഹി ഏപ്രിൽ 19

വ്യവസായ നടത്തിപ്പു സംബന്ധിച്ചു കാരിയനോഷൻ കോഴ്സ് പൂർത്തിയാക്കിയ 17 സീനിയർ റിട്ടയേർഡ് സൈനികോദ്യോഗസ്ഥന്മാർക്കു് പ്രതിരോധ ഉല്പാദന മന്ത്രി ശ്രീ ഏ. എം. തോമസ് ഇന്നിയിടെ സർട്ടിഫിക്കറുകൾ വിതരണം ചെയ്തു. ദേശീയ ഉല്പാദനക്ഷമത കൗൺസിലിന്റെ സഹകരണത്തോടെ പുനരധിവാസ ഡയറക്ടറേറ്റ് ജനറൽ സംഘടിപ്പിച്ച ഈ കോഴ്സിന്റെ ഉദ്ദേശം അവർക്കു വ്യവസായ സ്ഥാപനങ്ങളിൽ പുതിയ ജോലികൾ ഏറ്റെടുക്കാൻ പരിശീലനം നൽകുകയായിരുന്നു.

—

വാർക്കർ വരേണ്ട

പീക്കിംങ്ങ്, ഏ. 19

വിയറ്റ്നാം പ്രശ്നത്തെ സംബന്ധിച്ചു് ചർച്ചചെയ്യുന്നതിനു് പാർട്ടിക്ക് ഗോഡ്വിൻ വാർക്കറെ പീക്കിങ്ങിനു് സന്ദർശിക്കുന്നതിനു് അനുവദിക്കണമെന്നുള്ള ബ്രിട്ടന്റെ അഭ്യർത്ഥനയെ ചൈന തള്ളിക്കളഞ്ഞിരിക്കുന്നു. ഇതിനെസംബന്ധിച്ചു് വീണ്ടും പരിഗണിക്കുവാൻ ബ്രിട്ടൻ അഭ്യർത്ഥിച്ചിട്ടുണ്ടെന്നു് ന്യൂ ചൈനാ ന്യൂസ് ഏജൻസി ഇന്നു് റിപ്പോർട്ടുചെയ്തു.

അപൂർവ വിമാനം വീഴ്ത്തി

(റോയിട്ടർ) ഹോങ്കോങ്ങ് ഏ 19

മദ്ധ്യചൈനക്കു് മുകളിൽ നിരീക്ഷണം നടത്തിയിരുന്ന വൈമാനികനില്ലാത്ത ഒരു വിമാനം വെടിവച്ചു് വീഴ്ത്തിയെന്നു് പീക്കിങ്ങ് റേഡിയോ റിപ്പോർട്ടു് ചെയ്തു.

വളരെ ഉയരത്തിലാണു് ഈ വിമാനം പറന്നിരുന്നതു്. തൈനീസ് സേനയുടെ വ്യോമസേനാവിഭാഗമാണു് ഇതിനെ വെടിവെച്ചുവീഴ്ത്തിയതു്. കഴിഞ്ഞ മൂന്നുമാസത്തിനുള്ളിൽ വെടിവെച്ചു് വീഴ്ത്തപ്പെട്ട ആറാമത്തെ അമേരിക്കൻ വിമാനമാണിതെന്നു് റേഡിയോ പറഞ്ഞു.

....

കെനിയാ ഇന്ത്യൻ കോൺഗ്രസ്സിന്റെ അഭ്യർത്ഥന

[പി. ടി. ഐ) നൈറോബി, ഏ. 19

നിറത്തിന്റേയൊ വർഗ്ഗത്തിന്റേയൊ അടിസ്ഥാനത്തിൽ കെനിയൻ പൌരന്മാക്കിടയിൽ ഒരു വിവേചനവും കാണിക്കില്ലെന്ന ഉറപ്പിൽനിന്നും പിന്തിരിയരുതെന്നു് മൊമ്പസയിൽ ഇന്നലെ ചേർന്ന കെനിയാ ഇന്ത്യൻ കോൺഗ്രസ് വാർഷിക സമ്മേളനം കെനിയാ ഗവണ്മെണ്ടിനോടു് അഭ്യർത്ഥിച്ചിരിക്കുന്നു.

....

പുതുശ്ശേരി ഗവർണ്ണർ തലശ്ശേരിയിൽ

(പി ടി ഐ) തലശ്ശേരി, ഏ. 19

പുതുശ്ശേരി ലഫ്. ഗവർണ്ണർ എസ്. എൻ. ശൈലജ ഇന്നലെ രാത്രി തിരുവങ്ങാട്ടെ ശ്രീരാമസ്വാമി ക്ഷേത്രത്തിൽ ദർശനംനടത്തി.

ഈ ക്ഷേത്രത്തിന്റെ ഉദ്ധാരണത്തിനു് സംഭാവന നല്കുവാൻ അദ്ദേഹം ജനങ്ങളോടഭ്യർത്ഥിച്ചു.

.....

ചാക്കോള ടോഫി

എം. ആർ. സി. യും സി.ഐ.എ. ൽ ബാങ്കളൂരും വീണ്ടും സമനിലയിൽ

തൃശൂർ, ഏ. 19

ചാക്കോള ഗോൾടോഫിക്കുവേണ്ടിയുള്ള ഫുട്ബോൾ മത്സരത്തിന്റെ 29-ാംദിവസമായ ഇന്നു് എം. ആർ. സി. വെല്ലിങ്ങ്ടനും സി. ഐ. എൽ. ബാങ്കളൂരും തമ്മിൽ ഒന്നാം സെമിഫൈനൽ രണ്ടാംപ്രാവശ്യം കളിച്ചു് വീണ്ടും ഡ്രോ ആയിരിക്കുന്നു.

കളി തുടങ്ങിയതു് സി. ഐ. എല്ലിന്റെ മികച്ച മുന്നേറ്റത്തോടുകൂടിയായിരുന്നു. സി. ഐ. എല്ലിന്റെ റൈറ്റ് ഔട്ട് ഇക്ബാൽഅഹമ്മതു് പന്തുമായി മുന്നേറി, ജോജ്ജിനുകൊടുത്ത ജോജ്ജു് ഇക്ബാലിനുതന്നെവീണ്ടുമേറിച്ചു. ഇക്ബാൽ ക്രോസ്ചെയ്ത കണ്ണനുകൊടുത്ത കണ്ണൻ ഒരു പന്തു് സമർത്ഥമായിടച്ചു എങ്കിലും പന്തു് ജെസ്റ്റ് കാവറായി. കളി പിന്നേയും എം. ആർ. സിയുടെ പോസ്റ്റിൽ തന്നെ ചുറ്റിപ്പറിനിന്നു. എല്ലാ നിമിഷവും അപകടത്തെ കുറിച്ചുകൊണ്ടിരുന്നു. കാണികളും ആകാക്ഷരായി കാണപ്പെട്ടു. അഞ്ജഡ്ഖാനേറയും ജോജ്ജിനേറയും കാലിൽ പന്തു് കെട്ടിപിണഞ്ഞ കിടക്കുകയാണു്. എം. ആർ. സി.യുടെ ഫോർബാക്ക സിസ്സും അവതാളത്തിലായി കണ്ടു തുടങ്ങി. 3-ാംമത്തെ മിനിട്ടിൽ എം. ആർ. സി.യുടെ റൈറ്റ് ഇൻബാക്ക സദാശിവൻനായർ ജോജ്ജിൽനിന്നു് ഒരു പന്തു രക്ഷിച്ച എടുത്തു. പക്ഷെ അതു കോർണറായി. ആ കോർണറിക്ക സി. ഐ.എലിന്റെ റൈറ്റ്ഇൻ അഞ്ജഡ്ഖാൻ നന്നായി അടിച്ചതു് ജോജ്ജു് ഭംഗിയായിഹെഡ് ചെയ്തു. സി. ഐ. എലിന്റെ ക്യാപ്റ്റനും റൈറ്റ്ഹാഫുമായ ദൊരയ് സ്വാമി ആ പന്തു ഗോൾവലത്തിലാക്കി. അങ്ങനെ സി. ഐ. എലിന്റെ ആദ്യത്തെ ഗോൾ നേടി. വീണ്ടും കളിതുടങ്ങി. പന്തുനേരെസി.ഐ.എലിന്റെ പോസ്റ്റിലേക്ക എം. ആർ. സി. യുടെ റൈറ്റ്ഔട്ട് കാമാച്ചിപാപ്പിച്ചകൊണ്ടു പോയി. സി.ഐ.എലിന്റെലെഫ്റ്റ് ബാക്ക് നാഗേന്ദ്രൻ കാമാച്ചിയുമായി ഒന്നു പൊരുതി. കാമാച്ചിക്ക പന്തുമായി പോസ്റ്റിലേക്ക കടക്കാൻ പററിയില്ല. എങ്കിലും ഒരു കോർണർകിക്കകിട്ടി. ഒന്നും സംഭവിച്ചില്ല—മിനിൽ വേഗത്തിൽതന്നെ പന്തു് എം. ആർ. സിയുടെ പോസ്റ്റിലേക്ക ഇരച്ചുകയറി. എം. ആർ. സി. യുടെ പിൻനിരക്കാരായ ഹനീഫയും, സദാശിവൻനായരും. മുന്നുവും, ചേക്കും മിന്നൽവേഗത്തിൽ പാഞ്ഞടുത്തിരുന്ന സി. ഐ. എലിന്റെ മുൻനിരക്കാരെ പെരുത്തുനില്ലാൻ വളരെഅധികം കിണഞ്ഞപരിശ്രമിച്ചെങ്കിലും എലക്ട്രോണിക്സിന്റെ ഫോർവേർഡുകാരും ഒരു ഗോളുകൂടിയടിക്കാതെ എം. ആർ. സിയുടെ പോസ്റ്റിൽനിന്നും പോരുകയില്ലന്ന മട്ടായി. 7-ാമത്തെ മിനിട്ടിൽ സി. ഐ. എല്ലിന്റെ ലെഫ്റ്റൗട്ട് കൃഷ്ണപ്പാ ഒരു കനാന്തരം പന്തു് പോസ്റ്റിലേക്ക് ക്രോസ്ചെയ്തു. പക്ഷെ ഒരിഞ്ച് തെറ്റി, ജോജ്ജിനു് ആ പന്തു് പോസ്റ്റിലാക്കാൻ സാധിച്ചില്ല. എങ്കിലും സി. ഐ. എൽ. കൂട്ടാക്കിയില്ല. പന്തു വീണ്ടും അവരുടെ ലെഫ്റ്റിൻ കണ്ണനുകിട്ടി. കണ്ണനടിക്കാൻ കഴിയാതെ ഇക്ബാൽ അഹമ്മതിനു മറിച്ച ഇക്സാൽ ഒന്നാംക്ലാസ്സായടിച്ചു. അങ്ങനെ8-മത്തെ മിനിട്ടിൽ സി.ഐ.എല്ലിനുവേണ്ടി ഇക്ബാൽ അവരുടെ രണ്ടാമത്തെ ഗോൾ നേടി.

എം. ആർ. സി. ഒന്നും സംഭവിക്കാത്ത മട്ടിൽ കളിക്കാൻ തുടങ്ങി. അവരുടെ റൈറ് ഹാഫ് അൽഫോൻസ് പന്തുമായി മുന്നേറി നീട്ടിയടിച്ച് അവരുടെ കാമാച്ചിക്ക കൊടുത്തു. കാമാച്ചി പറക്കുകയായിരുന്നു. നേരെ പോസ്റ്റിലേക്ക ക്രോസ്ചെയ്തു അവരുടെ ലെഫ്റ്റൗട്ടൻ അൽഫോൻസ് ആ പന്തു് സമർത്ഥമായിതന്നെ അടിച്ച് 10-ാമത്തെ മിനിട്ടിൽ അവരുടെ ഒന്നാമത്തെ ഗോൾ നേടി.

സി. ഐ. എൽ. ഒട്ടും പതറാതെ മുന്നേറിതുടങ്ങി, 12-ാമത്തെ മിനിട്ടിൽ ഇലക്ട്രോണിക്സിന്റെ റൈട്ട്ഔട്ട് ഇക്ബാൽ അഹമ്മദ് ഒരു ഏയ്സ് ക്രോസ് കൊടുത്തു. അവരുടെ സെൻറർ ഫോർവേഡ് ജോജ്ജു് നന്നായി ഹെഡ്ചെയ്തു. എല്ലാവരും ഗോളായി എന്നു വിചാരിച്ചു. പക്ഷെ ജെസ്റ്റ്കാവറായി. ചിന്നേയും നാലഞ്ചു് മിനിറ്റനേരത്തേക്കു എം. ആർ. സി. യുടെ പോസ്റ്റിൽ അപകടകരമായ പന്തുകൾ തുരുതുരാ വരാൻ തുടങ്ങി. എം. ആർ. സിനാഗേന്ദ്രൻ വിട്ടുകൊടുത്തില്ല. ചിന്നാനന്നും മറ്റൊരു ചെയ്യാൻ പററിയില്ല എങ്കിലും ഒരു കോർണർകിക്കുകിട്ടി. അതു ലക്ഷ്യമില്ലാതെ അടിക്കാനല്ലാതെ മററൊന്നും ചെയ്യാൻ സാധിക്കാത്തവരായി കാണപ്പെട്ട. 20 ാമത്തെ മിനിറ്ററിൽ കൃഷ്ണപ്പായ്ക്കു ഒരു ഗോൾസ്കോർ ചെയ്യാൻ സുവർണ്ണാവസരം ലഭിച്ചു. പക്ഷെ മറ്റൊരു